Tony Pearce

# അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം
ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ജനുവരി 2025

# 2025 - ൽ യുദ്ധമോ സമാധാനമോ – എന്തിനാണു സാദ്ധ്യത?




**‘യുക്രയ്ൻ, അമേരിക്കൻ മിസൈലുകൾ തൊടുത്തുവിടുകയാണെങ്കിൽ അണുവായുധം ഉപയോഗിക്കുമെന്ന പുട്ടിന്റെ ഭീഷണി മൂന്നാംലോക മഹായുദ്ധത്തിന്റെ ഭയമുണർത്തുന്നു.’** റഷ്യയിലേക്ക് ദീർഘദൂര വേഗനിയന്ത്രണ മിസൈൽ അയയ്ക്കാൻ യുക്രയ്ന് അമേരിക്കയും ബ്രിട്ടനും അനുവാദം കൊടുത്തതിനു ശേഷമാണ് 2024 നവംബറിൽ ഇതുപോലുള്ള തലക്കെട്ടുകൾ പ്രത്യക്ഷപ്പെട്ടത്. യുക്രയ്ൻ യഥാർത്ഥത്തിൽ അതുപോലുള്ള മിസൈലുകൾ റഷ്യയുടെ ആയുധപ്പുരകളിലേക്കും ആജ്ഞാകേന്ദ്രങ്ങളിലേക്കും അയച്ചു. അതിനോട് റഷ്യ പ്രതികരിച്ചത് അവർ പുതുതായി വികസിപ്പിച്ച ഒറേഷ്നിക് ഹൈപ്പർ സോണിക് ഭൂഖണ്ഡാന്തര മിസൈൽ യുക്രയ്ൻ നഗരമായ ഡിനിപ്രൊയിൽ വർഷിച്ചുകൊണ്ടാണ്. ഈ മിസൈൽ തടയാനാകില്ലെന്നും അതിന് ആണവ പോർമുനകൾ വഹിക്കാൻ ശേഷിയുണ്ടെന്നും പാശ്ചാത്യ രാജ്യങ്ങൾക്കും അവരുടെ സഖ്യകക്ഷികൾക്കും പുട്ടിൻ റഷ്യൻ ടെലിവിഷനിൽ വന്ന് മുന്നറിയിപ്പ്

## ഉള്ളടക്കം

2025 യുദ്ധമോ സമാധാനമോ?........................................ 1

ട്രമ്പ് വിജയിച്ചു – ഇനി എന്ത്?........................................ 9

ഗ്രീസ്, പേർഷ്യ, യിസ്രായേൽ വർത്തമാനകാല സംഭവങ്ങളിൽ........................................ 13

കാലത്തിന്റെ അടയാളങ്ങൾ........................................ 23

അന്തിമ വാക്ക്........................................ 30

നൽകി. റഷ്യയ്ക്കെതിരെ ഉപയോഗിക്കാൻ യുക്രയ്ന് ആയുധം കൊടുക്കുന്ന **നാറ്റോ** രാജ്യങ്ങളെ അതുപോലുള്ള ആയുധങ്ങൾ കൊണ്ട് ആക്രമിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

നവംബറിൽ ഡൊണാൾഡ് ട്രമ്പ്, ജോറോഗണുമായുള്ള അഭിമുഖത്തിൽ പറഞ്ഞു, **'പശ്ചിമേഷ്യയിൽ ലോകം അവസാനിക്കുമെന്ന് പറയുന്ന പ്രവാചകന്മാർ ഉണ്ടെന്ന് നിങ്ങൾക്ക് അറിയാം.'**

മാനവരാശിയുടെ ഭാവിയെ സംബന്ധിച്ച് ഇതെല്ലാം എന്താണ് അർത്ഥമാക്കുന്നത്. മാനവരാശി അതിന്റെ ഭ്രാന്തമായ അന്തിമ പ്രവൃത്തി ചെയ്ത്, ലോകത്തെ അവസാനിപ്പിക്കുമോ? അതോ, സർവ്വനാശത്തിന്റെ ഭീഷണി ലോകത്തെ സമാധാനത്തിലേക്ക് തള്ളിവിടുമോ? പശ്ചിമേഷ്യയിൽ നടക്കുന്ന ഒരു യുദ്ധം ലോകത്തെ അതിന്റെ അന്ത്യത്തിൽ എത്തിക്കുമെന്ന് ബൈബിളിലെ പ്രവാചകന്മാർ പറഞ്ഞത് ട്രമ്പ് എടുത്തു കാട്ടിയത് യഥാർത്ഥമായി സംഭവിക്കുമോ?

യുദ്ധങ്ങളെപ്പറ്റിയും അന്ത്യകാല രംഗങ്ങളെപ്പറ്റിയും ബൈബിളിന് വളരെയേറെ പറയാനുണ്ട്. തന്റെ മടങ്ങിവരവിന്റെ അടയാളത്തെപ്പറ്റി ശിഷ്യന്മാർ ചോദിച്ചപ്പോൾ യേശു മറുപടി പറഞ്ഞു, ***'നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചുകേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നേ; എന്നാൽ അതു അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ'*** (മത്താ. 24:6-8).

'ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കുമെന്ന്' യേശു പറയുന്നു. 'ജാതി' എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന യവന പദം 'ethnos' ആണ്. അതിൽ നിന്നാണ് ethnic (വംശീയം) എന്ന വാക്ക് വന്നത്. അതിന്റെ അർത്ഥം, രാജ്യങ്ങൾക്ക് ഉള്ളിൽ തന്നെ സംഘർഷങ്ങൾ, അല്ലെങ്കിൽ വംശത്തിന്റെയോ ദേശീയതയുടെയോ മതത്തിന്റെയോ പേരിലുള്ള ആഭ്യന്തര യുദ്ധങ്ങൾ എന്നാണ്. രാജ്യം രാജ്യത്തോടും എന്ന് സൂചിപ്പിക്കുന്നത് രാജ്യങ്ങളുടെ സഖ്യങ്ങൾക്കിടയിലുള്ള സംഘർഷങ്ങൾ അഥവാ ലോകയുദ്ധങ്ങൾ ആണ്. ഈ സംഭവങ്ങൾ ആരംഭിക്കാൻ തുടങ്ങുമ്പോൾ അത് അന്ത്യമല്ല, 'ഈറ്റുനോവിന്റെ ആരംഭമത്രേ' എന്നും യേശു പറയുന്നു. ഇത് കർത്താവിന്റെ മടങ്ങിവരവിന് മുൻപുള്ള മഹോപദ്രവത്തിന് മുൻപുള്ള കാലയളവിന് തുടക്കം കുറിക്കും.

ഈറ്റുനോവിന്റെ ആരംഭം' എന്ന പ്രയോഗം ഗർഭവതിയായ ഒരു സ്ത്രീയുടെ വേദനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രയോഗം അന്ത്യകാലത്തെ സംഭവങ്ങൾ സൂചിപ്പിക്കാൻ ബൈബിൾ പ്രവചനങ്ങളിൽ ആവർത്തിച്ച് ഉപയോഗിച്ചിരിക്കുന്നു. ഒരു സ്ത്രീയുടെ പ്രസവവേദന അവൾ പ്രസവിക്കാൻ പോകുന്ന നേരത്ത് കൂടുതൽ കഠിനമായിരിക്കും. അതുകൊണ്ട്, അന്ത്യകാലത്തെ വേദന കർത്താവിന്റെ മടങ്ങി വരവ് സമീപിക്കുന്തോറും കൂടുതൽ കഠിനമായിരിക്കും. ഒരിക്കൽ ആ പ്രക്രിയ ആരംഭിച്ചാൽ കുഞ്ഞു ജനിക്കുന്നത് വരെ അതിനെ തടയുവാൻ സാധിക്കില്ല. അതുകൊണ്ട്, 'ഈറ്റുനോവിന്റെ' സമയം ആരംഭിച്ചാൽ, അത് ഒരു കൂട്ടം സംഭവങ്ങൾക്ക് തുടക്കം കുറിക്കും. ഒടുവിൽ അവ കർത്താവായ യേശു ക്രിസ്തുവിന്റെ മടങ്ങിവരവെന്ന അവസാനത്തെ സംഭവത്തിലേക്ക് നയിക്കും. തന്റെ കുഞ്ഞിന്റെ ജനനം നൽകുന്ന സന്തോഷം മൂലം ഒരു സ്ത്രീ തന്റെ പ്രസവവേദന മറക്കുന്നതു പോലെ, കർത്താവിന്റെ

വരവ് നോക്കിപ്പാർക്കുന്നവർ അത് നൽകുന്ന സന്തോഷത്താൽ അന്ത്യകാലത്തെ വേദന മറക്കും. അത് യുദ്ധങ്ങൾക്കും മാനവരാശിയുടെ പ്രശ്നങ്ങൾക്കും അന്ത്യം കുറിക്കും.

## ഇപ്പോൾ എന്താണ് സംഭവിക്കുന്നത്?

ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച പ്രക്രിയ നമ്മുടെ സമയത്തും നടന്നുകൊണ്ടിരിക്കുന്നു. നാറ്റോയും പാശ്ചാത്യ രാജ്യങ്ങളും ചൈനയുടെയും ഇറാന്റെയും വടക്കൻ കൊറിയയുടെയും പിന്തുണയുള്ള റഷ്യയെ നേരിടുന്നു. യൂറോപ്പിലെ കിഴക്ക് പടിഞ്ഞാറ് ഭിന്നതയുടെ തുടർച്ചയാണ് യുക്രയ്ൻ യുദ്ധം. ചൈന തയ്‌വാൻ അധിനിവേശം ചെയ്യുകയാണെങ്കിൽ അമേരിക്കൻ സൈന്യവും സഖ്യകക്ഷികളും ഉൾപ്പെട്ട ഒരു യുദ്ധത്തിന് ആ മേഖലയിൽ സാധ്യത കാണുന്നു. വിപ്ലവ സേനകൾ ലോകത്തിലെ നിരവധി പ്രദേശങ്ങളിൽ പ്രത്യേകിച്ച് പശ്ചിമേഷ്യയിലും ആഫ്രിക്കയിലും സംഘർഷങ്ങളും തീവ്രവാദവും കൊണ്ടുവരുന്നതും നാം കാണുന്നു. ആഭ്യന്തര യുദ്ധങ്ങൾ, പ്രത്യേകിച്ച് സുഡാനിലും കോംഗോയിലും ദശലക്ഷക്കണക്കിന് ജനങ്ങളെ നരകതുല്യമായ സാഹചര്യത്തിലേക്ക് നയിച്ചു. യിസ്രായേലുമായി ബന്ധപ്പെട്ട സംഘർഷം ഗാസയിലും ലബാനോനിലും യുദ്ധങ്ങളെ പുതിയ തലത്തിൽ എത്തിച്ചു. ഇറാനും അതിന്റെ നിഴൽ സംഘങ്ങളും യിസ്രായേലിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു.

## മഹോപദ്രവം

തന്റെ വരവിന്റെ അടയാളങ്ങളെപ്പറ്റിയുള്ള യേശുവിന്റെ പ്രവചനത്തിൽ, അന്ത്യകാലത്തിലെ മഹോപദ്രവ കാലയളവ്, മത്തായി 24:6-8-ലെ ഈറ്റുനോവിനെ തീവ്രമാക്കും. ഭൂമിയിൽ അവസാനത്തെ ഏഴു വർഷത്തെ കഷ്ടതയ്ക്ക് അത് തിരികൊളുത്തും. ***'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും'*** (മത്താ. 24:21-22). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വളരെ കഠിനമായ കഷ്ടത അന്നു സംഭവിക്കും. ദൈവം അത് അവസാനിപ്പിച്ചില്ലെങ്കിൽ ഭൂമിയുടെ അവസാനത്തിനുവരെ അത് കാരണമാകും. ഈ കഷ്ടകാലം യേശു ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടെ അവസാനിക്കും. ഈപ്രാവശ്യം അവിടുന്ന് ദൈവത്തിന്റെ അധികാരവുമായി ഇന്നത്തെ ലോക വ്യവസ്ഥ അവസാനിപ്പിച്ചിട്ട് ഭൂമിയിൽ യഥാർത്ഥ സമാധാനം സ്ഥാപിക്കാൻ വരും.



## യിസ്രായേലിന് എന്തു സംഭവിക്കും?

1948-ൽ സ്ഥാപിക്കപ്പെട്ട യിസ്രായേൽ, യെഹൂദർ സ്വന്തം ദേശത്തേക്ക് മടങ്ങി വരുമെന്ന സീയോൻ സ്വപ്നത്തിന്റെ പൂർത്തീകരണമാണ്. പീഡനത്തിൽ നിന്ന് അത് യെഹൂദ ജനതയ്ക്ക് അഭയസ്ഥാനം നൽകുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ചിതറിപ്പോയതിന് ശേഷം യെഹൂദർ യിസ്രായേലിലേക്ക് മടങ്ങിവരുമെന്ന ബൈബിൾ പ്രവചനങ്ങൾ അത് നിറവേറ്റി. ഈ യുഗത്തിന്റെ അവസാനത്തിന്റെ സുപ്രധാന അടയാളമാണ് ഇതെന്ന് ബൈബിൾ പ്രവാചകന്മാർ സൂചിപ്പിച്ചിരിക്കുന്നത് ട്രമ്പ് എടുത്തു പറഞ്ഞത് ശരിയാണ്.

എന്നാൽ, അത് ലോകത്തിന്റെ അവസാനമല്ല. യിസ്രായേലിനെയും ലോകത്തെയും നാശത്തിൽ നിന്ന് രക്ഷിക്കാനും യെരൂശലേമിന് വേണ്ടിയുള്ള അവസാനയുദ്ധത്തിന് ശേഷം ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കാനും മശിഹാ മടങ്ങിവരുമെന്ന് ബൈബിൾ പറയുന്നു. ഈ യുഗത്തിന്റെ അവസാന ദിവസങ്ങളിലെ യിസ്രായേലിന്റെ പുനഃസ്ഥാപനത്തെപ്പറ്റിയും യെരൂശലേമിലേക്കുള്ള യെഹൂദ ജനതയുടെ മടങ്ങിവരവിനെപ്പറ്റിയും ഏതാനം പ്രവചനങ്ങൾ ഉണ്ട്:

യിരെ. 30:10 : ***'ആകയാൽ എന്റെ ദാസനായ യാക്കോബേ, നീ ഭയപ്പെടേണ്ടാ; യിസ്രായേലേ, നീ ഭ്രമിക്കേണ്ടാ എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ നിന്നെ ദൂരത്തുനിന്നും നിന്റെ സന്തതിയെ പ്രവാസദേശത്തുനിന്നും രക്ഷിക്കും; യാക്കോബ് മടങ്ങിവന്നു സ്വസ്ഥതമായും സൈ്വരമായും ഇരിക്കും; ആരും അവനെ ഭയപ്പെടുത്തുകയില്ല.'***

യെഹെസ്കേൽ 36:24: ***'ഞാൻ നിങ്ങളെജാതികളുടെ ഇടയിൽനിന്നു കൂട്ടി സകല ദേശങ്ങളിൽനിന്നും നിങ്ങളെ ശേഖരിച്ചു സ്വന്തദേശത്തേക്കു വരുത്തും.'***

ലൂക്കൊസ് 21:24: ***'അവർ (യഹൂദ ജനത ) വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകലജാതികളിലേക്കും ബദ്ധരായി കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്കളകയും ചെയ്യും.'***

യിസ്രായേലിനെ നശിപ്പിക്കാൻ ചുറ്റുമുള്ള രാജ്യങ്ങൾ ആവർത്തിച്ച് ശ്രമിച്ചതുകൊണ്ട് ദേശത്ത് യുദ്ധങ്ങൾ ഉണ്ടായി: 1948-49, 1967, 1973. സങ്കീർത്തനങ്ങൾ 83:4 അങ്ങനെ നിവർത്തിയായി: ***'വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചുകളക. അവരുടെ പേർ ഇനി ആരും ഓർക്കരുതു.'*** ഓരോ യുദ്ധത്തിലും യിസ്രായേലിന് നാശം സംഭവിക്കാതെ വിജയിയായി പുറത്തുവന്നു.

## അന്ത്യം വരുന്നതിന് മുൻപ് സമാധാനത്തിന്റെ ഒരു കാലയളവ് ഉണ്ടാകുമോ?

യുദ്ധങ്ങളും സംഘർഷങ്ങളും വർധിക്കുന്നത് നാം കാണുന്നു. മശിഹായുടെ മടങ്ങി വരവിന് മുൻപ് ഹ്രസ്വകാലത്തേക്ക് ലോകത്തിൽ 'സമാധാനവും സുരക്ഷയും' ഉണ്ടാകുമെന്ന് ബൈബിളും സൂചിപ്പിക്കുന്നു. ***'അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുമ്പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴിയാവതുമല്ല'*** (1 തെസ്സ. 5:3).

ഇപ്പോഴത്തെ ലോക സാഹചര്യത്തിൽ രാജ്യങ്ങൾ ഈ ദിശയിലേക്ക് നീങ്ങുന്ന സാധ്യത കാണുന്നു. റഷ്യ – യുക്രയ്ൻ യുദ്ധവും പശ്ചിമേഷ്യയിലെ സംഘർഷവും അവസാനിപ്പിക്കാനുള്ള പദ്ധതി തന്റെ കൈയിൽ ഉണ്ടെന്ന് ഡൊണാൾഡ് ട്രമ്പ് പറയുന്നു. യുക്രയ്നെ നാറ്റോ കൂടുതൽ റഷ്യൻ അധിനിവേശത്തിൽ നിന്ന് സംരക്ഷിക്കുകയാണെങ്കിൽ, സമാധാനത്തിനുവേണ്ടി യുക്രയ്നിലെ ചില പ്രദേശങ്ങൾ റഷ്യയ്ക്ക് വിട്ടുകൊടുക്കാൻ തയ്യാറാണെന്ന് യുക്രയ്ൻ പ്രസിഡന്റ് സെലൻസ്കി പറയുന്നു. യുദ്ധത്തിൽ റഷ്യയുടെ ഭാഗത്ത് ഏതാണ്ട് 80,000 പേർക്ക് ജീവൻ നഷ്ടമാവുകയോ അല്ലെങ്കിൽ മുറിവേൽക്കുകയോ ചെയ്തു. അതോടൊപ്പം യുദ്ധ ഉപകരണങ്ങൾ വലിയ രീതിയിൽ റഷ്യയ്ക്ക് നഷ്ടമായി. റഷ്യയുടെ സമ്പദ് വ്യവസ്ഥയും വലിയ തകർച്ചയിലാണ്. റൂബിളിന്റെ മൂല്യം നഷ്ടപ്പെട്ട് വിലക്കയറ്റം കൂടുന്നത് കാരണം ജീവിത ചെലവ് വർധിക്കുന്നു. അതുകൊണ്ട്, പുട്ടിൻ സമാധാനം ആഗ്രഹി

ക്കുന്നു, പ്രത്യേകിച്ച് റഷ്യ ഇപ്പോൾ കൈവശപ്പെടുത്തിയിരിക്കുന്ന യുക്രയ്നിലെ പ്രദേശങ്ങളിൽ തുടരാൻ അവർക്ക് കഴിഞ്ഞാൽ.

2023 ഒക്ടോബർ 7-ലെ ഹമാസ് ആക്രമണത്തിന് ശേഷം ശത്രുവിന്റെ ശക്തിയെ ഗണ്യമായ രീതിയിൽ ഇല്ലാതാക്കാൻ യിസ്രായേലിന് കഴിഞ്ഞു. ഗാസയിൽ ഹമാസിന്റെ ശക്തി നിർവീര്യമായി, ലബാനോനിലെ ഹിസ്ബുള്ളയുടെ ശക്തി ക്ഷയിച്ചു, അതുപോലെ, ഇറാന്റെ ഇസ്ലാമിക വിപ്ലവത്തിന്റെ ഹീനമായ സ്വാധീനം കുറഞ്ഞിരിക്കുന്നു. ലബാനോനിലെ വെടിനിർത്തൽ ഹിസ്ബുള്ളയെ ലിറ്റനി നദിയ്ക്ക് അപ്പുറം പിന്നോട്ടടിച്ചിരിക്കുന്നു. അതുകൊണ്ട്, വീണ്ടും യിസ്രായേലിനെ ആക്രമിക്കാനുള്ള അതിന്റെ ശക്തിയ്ക്ക് പരിമിതി വന്നിരിക്കുന്നു.

അതേസമയം ഗാസയിലും ലബാനോനിലും നടത്തുന്ന ബോംബിങ്ങും പാലസ്തീൻ ജനതയുടെ കൊടിയ യാതനയും മൂലം യിസ്രായേലിന് ലോകത്തിന്റെ പിന്തുണ വലിയ രീതിയിൽ നഷ്ടപ്പെട്ടിരിക്കുന്നു. യിസ്രായേലിൽ നിരവധി ജനങ്ങൾ യുദ്ധം മൂലം ക്ഷീണത്തിലാണ്. അവർ സമാധാന ഒത്തുതീർപ്പിനുവേണ്ടി കാംക്ഷിക്കുന്നു. അറബ് വംശത്തും നിരവധി പേർ യുദ്ധവും തീവ്രവാദവും മൂലം ക്ഷീണത്തിലാണ്. യിസ്രായേലുമായും പരസ്പരം പോരാടുന്ന മുസ്ലിം സംഘങ്ങളുമായും സംഘർഷമില്ലാത്ത ഒരിക്കലും അവസാനിക്കാത്ത ഒരു നല്ല നാളേക്കായി അവർ കാത്തിരിക്കുന്നു. സമീപ കാലത്ത് നടക്കുന്ന സംഭവങ്ങൾ കാരണം ഇറാൻ ഗുരുതരമായ രീതിയിൽ ക്ഷയിച്ചിരിക്കുന്നു. ഇറാനിലെ ഇസ്ലാമിക ഭരണകൂടത്തിന് വലിയ രീതിയിൽ ജന പിന്തുണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ, സിറിയയിൽ പെട്ടെന്ന് വിപ്ലവം പൊട്ടി പുറപ്പെട്ടിരിക്കുന്നു. യിരെ. 49:23-26 വരെ വായിക്കുന്ന പ്രവചനത്തോട് സമാനമായ കാര്യങ്ങൾ അവിടെ സംഭവിക്കുന്നു.

യിസ്രായേലും അയൽ രാജ്യങ്ങളും ഉൾപ്പെടുന്ന ഒരു ആഴ്ച (ഏഴു വർഷം എന്നർത്ഥം) ദൈർഘ്യമുള്ള ഒരു ഉടമ്പടിയെപ്പറ്റി (ഒരു തരത്തിലുള്ള സമാധാന സന്ധി) ദാനിയേലിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. ദാനി. 9:27-ൽ നാം വായിക്കുന്നു: ***'അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ (ഉടമ്പടി) കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ*** (മൂന്നര വർഷത്തിനു ശേഷം) ***അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കികളകയും; മ്ളേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും.'***

യിസ്രായേലും അറബ് രാജ്യങ്ങളും തമ്മിലുള്ള 2020-ലെ സമാധാന പദ്ധതി, അബ്രഹാമിക ഉടമ്പടിയിലൂടെ പുനർജ്ജീവിപ്പിക്കുമെന്ന് പ്രസിഡന്റ് ട്രമ്പ് പറഞ്ഞു. പശ്ചിമേഷ്യയിലെ മൊത്തത്തിലുള്ള ഒരു ഒത്തുതീർപ്പിന്, സൗദി അറേബ്യ, യിസ്രായേലുമായി ഏതെങ്കിലും തരത്തിലുള്ള സമാധാന കരാറിൽ ഏർപ്പെടുമെന്ന് വലിയ പ്രത്യാശയുണ്ട്. അമേരിക്കയിലെ തെരഞ്ഞെടുപ്പിന് മുൻപ് 94 രാജ്യങ്ങൾ, യിസ്രായേലും പാലസ്തീനും തമ്മിൽ ഏഴു മുതൽ പത്തു വർഷം വരെ നീളുന്ന സമാധാന ഉടമ്പടിയിൽ ഏർപ്പെടുക എന്ന ഉദ്ദേശ്യത്തോടെ സൗദി അറേബ്യയിലെ റിയാദിൽ ഒത്തുകൂടി. ഈ ഉച്ചകോടിയിലേക്ക് യിസ്രായേലും അമേരിക്കയും പ്രതിനിധികളെ അയച്ചു. അവർ ഈ കൂട്ടായ്മയെ വിളിക്കുന്നത് ആഗോള സഖ്യമെന്നാണ്.

ദ്വിരാഷ്ട്ര പരിഹാരം യിസ്രായേൽ അംഗീകരിക്കണമെന്ന് സൗദികൾ ആവശ്യപ്പെടുന്നു. അതനുസരിച്ച്,

പാലസ്തീൻ രാജ്യം വെസ്റ്റ് ബാങ്കിലും ഗാസയിലും സ്ഥാപിക്കുകയും അതിനുപകരമായി യിസ്രായേലിന് സുരക്ഷ ഉറപ്പിക്കുകയും ചെയ്യും. അതേ സമയം, ഈ ലക്ഷ്യത്തിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള ഒരു സംവിധാനം പ്രവർത്തിക്കുകയാണെങ്കിൽ, അതുപോലൊരു ഉടമ്പടിയിൽ ഏർപ്പെടുന്നത് അവർ പരിഗണിക്കുമെന്ന് സൗദികൾ സൂചിപ്പിച്ചു.

യെഹൂദ രാഷ്ട്രത്തെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യിസ്രായേലിനെ ആക്രമിക്കാനുള്ള പ്രേരക സ്ഥാനമായി ഒരു സ്വതന്ത്ര പാലസ്തീൻ രാജ്യം മാറുമെന്ന് യിസ്രായേൽ ഭയക്കുന്നു. ആരാണ് യെരൂശലേം ഭരിക്കേണ്ടതെന്ന ചോദ്യവും ഉയരുന്നു. യിസ്രായേലിന്റെ വിഭജിക്കപ്പെടാത്ത തലസ്ഥാനമായി യെരൂശലേം നിലനിൽക്കണമെന്ന് യിസ്രായേലികൾ ആവശ്യപ്പെടുന്നു. പഴയ നഗരവും വിശുദ്ധ സ്ഥലങ്ങളും ഉൾപ്പെടെയുള്ള കിഴക്കൻ യെരൂശലേം തങ്ങളുടെ തലസ്ഥാനമായി വേണമെന്ന് പാലസ്തീനികൾ ആവശ്യപ്പെടുന്നു. യേശുവിന്റെ മടങ്ങിവരവിന്റെ സ്ഥാനമായ ഒലിവ് മലയും അവരുടെ ഭരണത്തിന്റെ കീഴിൽ വരും.

ബൈബിൾ പ്രകാരം, അന്ത്യകാലത്ത്, യെരൂശലേമിന്റെ സ്ഥിതിയുമായി ബന്ധപ്പെട്ട് ലോക രാജ്യങ്ങൾ എല്ലാം ഉൾപ്പെടുന്ന ഒരു പ്രശ്നം ഉത്ഭവിക്കും. ***'ഞാൻ യെരൂശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമ പാത്രമാക്കും; യെരൂശലേമിന്റെ നിരോധത്തിങ്കൽ അതു യെഹൂദെക്കും വരും. അന്നാളിൽ ഞാൻ യെരൂശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കി വെക്കും; അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേല്ക്കും; ഭൂമിയിലെ സകലജാതികളും അതിനു വിരോധമായി കൂടിവരും'*** സെഖ. 12:2-3. അതിന്റെ അർത്ഥം യെരൂശലേമിന്റെ സ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നം ചുറ്റുമുള്ള ആളുകളെയും (യെഹൂദരും അറബികളും) ഐക്യ രാഷ്ട്ര സംഘടനയെയും ലോകത്തിലെ പ്രധാന ശക്തികളെയും (മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഭൂമിയിലെ എല്ലാ രാജ്യങ്ങളും) ബാധിക്കുമെന്നാണ്.

ദാനിയേൽ 9:27 അനുസരിച്ചുള്ള ഒരു സമാധാന ഉടമ്പടി പ്രാവർത്തികമാവുമെങ്കിൽ അത് അധികം കാലം നിലനിൽക്കില്ല. ഈ ഉടമ്പടി ഒപ്പുവയ്ക്കുന്ന ഒരുവനെക്കുറിച്ച് മുൻ വാക്യത്തിൽ (26) 'വരുവാനിരിക്കുന്ന പ്രഭു' എന്ന് പരാമർശിച്ചിരിക്കുന്നു. അന്ത്യകാലത്ത് കൊടിയ വഞ്ചനയുമായി വരുന്ന കാപാലിക വ്യക്തിത്വമായ എതിർ ക്രിസ്തുവിനെ അത് സൂചിപ്പിക്കുന്നു. (ദാനി. 7:19-28, 8:23-26, 11 :36-45 കാണുക). ഈ കാലയളവിന്റെ മധ്യത്തിൽ (മൂന്നര വർഷത്തിനുശേഷം) ഈ മശിഹാ വിരുദ്ധൻ ഉടമ്പടി ലംഘിക്കും. അവൻ മന്ദിരത്തിൽ 'ശൂന്യമാക്കുന്ന മ്ലേച്ഛത' കൊണ്ടുവരും. മത്താ. 24:15-22 വരെ യേശു പ്രവചിച്ച മഹോപദ്രവ കാലത്തിന്റെ അവസാന പാദത്തിന് അത് തിരികൊടുക്കും.

ഇത് അവസാനത്തെ സംഘർഷമായ ഹർമ്മഗെദ്ദോൻ യുദ്ധത്തിലേക്ക് നയിക്കും. അപ്പോൾ മശിഹാ യെരൂശലേമിൽ ഒലിവ് മലയിൽ ഇറങ്ങും. അവിടെ നിന്ന് അവിടുന്ന് ലോകത്തിന് സമാധാനം പ്രഖ്യാപിക്കും (യെശ. 2:1-4, സെഖ. 14).

അപ്പോൾ കർത്താവ് സകല രാജ്യങ്ങളെയും തന്റെ മുന്നിൽ വരുത്തും (മത്താ. 25:31-46, ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ന്യായവിധി). ചെമ്മരിയാട് (രക്ഷിക്കപ്പെട്ട ജനം) മശിഹൈക രാജ്യത്തിൽ പ്രവേശിച്ച് യേശുവിനോടൊത്ത് 1000 വർഷം ഭൂമിയിൽ സമാധാനത്തിലും നീതി

യിലും വാഴും. കോലാടുകളെ (രക്ഷിക്കപ്പെടാത്ത ആളുകൾ ) ഭൂമിയിൽ നിന്ന് തള്ളിക്കളയും. വെള്ള. സിംഹാസനത്തിന് മുന്നിലുള്ള അന്ത്യ ന്യായവിധിയ്ക്കായി അവർ കാത്തിരിക്കും (വെളി. 20). ഭൂമിയിൽ മശിഹായുടെ 1000 ആണ്ട് വാഴ്ചയ്ക്ക് ശേഷം, സാത്താന്റെ അവസാനത്തെ കലഹം നടക്കും. അത് ലോകത്തിന്റെ അവസാനം കൊണ്ടുവരും. അപ്പോൾ ദൈവം ഇപ്പോഴത്തെ ഭൂമിയെയും പ്രപഞ്ചത്തെയും അഴിച്ചുകളയുകയും പുതിയത് സൃഷ്ടിക്കുകയും ചെയ്യും. വീണ്ടെടുക്കപ്പെട്ടവർ നിത്യതയ്ക്കായി സ്വർഗ്ഗത്തിലേക്കും നഷ്ടപ്പെട്ടവർ നരകത്തിലേക്കും പോകും (2 പത്രൊ. 3, വെളി. 20-21).

## നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?

പാപത്തെക്കുറിച്ച് അനുതപിക്കുന്നതിലൂടെയും, നിങ്ങളെ രക്ഷിക്കാനും യിസ്രായേലിന്റെ മശിഹായും ലോകത്തിന്റെ രക്ഷകനുമായ യേശുവിലുള്ള വിശ്വാസം വഴി നിത്യജീവൻ ലഭിക്കാനും ദൈവത്തോട് അപേക്ഷിക്കുന്നതിലൂടെയും പുതിയ ലോകത്ത് നിങ്ങൾക്ക് നിശ്ചയമായും ഒരു സ്ഥാനം ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

തന്റെ വരവിന് മുമ്പുള്ള ദിവസങ്ങളിൽ ഭൂമിയിൽ കൊടിയ പരിഭ്രമം ഉണ്ടാകുമെന്ന് ലൂക്കൊ. 21:25-28 വരെ യേശു പറഞ്ഞു: ***'സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും. അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നതു അവർ കാണും. ഇതു സംഭവിച്ചുതുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പു അടുത്തുവരുന്നതുകൊണ്ടു നിവിർന്നു തല പൊക്കുവിൻ.'*** 'ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും' എന്ന പ്രയോഗത്തിന്റെ യഥാർത്ഥ യവന പദത്തിന്റെ അർത്ഥം 'ഒരു പരിഹാരവുമില്ല' എന്നത്രേ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു പരിഹാരവും ഇല്ലാത്ത ആഗോള പ്രതിസന്ധി ഉണ്ടാകും. ലോകത്ത് എന്താണ് സംഭവിക്കുന്നതെന്ന് ജനങ്ങൾ ഭയപ്പെടും.

ഇത് സംഭവിക്കാൻ തുടങ്ങുമ്പോൾ, തന്നിൽ വിശ്വസിക്കുന്നവരോട് യേശു ***'നിങ്ങളുടെ വീണ്ടെടുപ്പു അടുത്തുവരുന്നതുകൊണ്ടു നിവർന്നു തല പൊക്കുവിൻ'*** എന്ന് പറഞ്ഞു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം ജീവിക്കുന്നത് യേശു ക്രിസ്തുവിന്റെ മടങ്ങിവരവിന് മുൻപുള്ള അന്ത്യ ദിവസങ്ങളിലാണ് എന്നതിന്റെ അടയാളമാണ് ഈ സംഭവങ്ങൾ. ഈ ദിവസങ്ങൾ ഭൂമിയിൽ മഹാപീഡനത്തിന്റെ ദിവസങ്ങൾ ആയിരിക്കും. എന്നാൽ സുവിശേഷത്തിൽ വിശ്വസിക്കുന്നവർക്ക് യേശുവിന്റെ മടങ്ങിവരവിനെപ്പറ്റി വലിയ പ്രത്യാശയാണുള്ളത്. തന്നിൽ വിശ്വസിക്കുന്നവരെ അവിടുന്നു രക്ഷിക്കുകയും അവരെ സുരക്ഷിത സ്ഥാനത്തിലേക്ക് 'സഭയുടെ ഉത്പ്രാപണം' എന്ന സംഭവത്തിലൂടെ കൊണ്ടുപോവുകയും ചെയ്യുന്നു. ബൈബിളിൽ നിരവധി വേദഭാഗങ്ങളിൽ ഈ സംഭവം വിവരിച്ചിട്ടുണ്ട്. ഒരാളെ കൈക്കൊള്ളും മറ്റേയാളെ ഉപേക്ഷിക്കും എന്ന് മത്തായി 24-ൽ യേശു പറഞ്ഞിട്ടുണ്ട്. 1 തെസ്സ. 4:15-18 വരെ നാം വായിക്കുന്നു:

***'കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവ***

***ത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും.പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ'*** (1 തെസ്സ. 4:15-18).

ഇത് പൂർണ്ണമായും അമാനുഷിക സംഭവമായിരിക്കും. യേശു ക്രിസ്തുവിൽ രക്ഷിക്കപ്പെട്ട എല്ലാ വിശ്വാസികളും ലോകത്തിൽ നിന്ന് മറ്റൊരു മണ്ഡലത്തിലേക്ക് എടുക്കപ്പെടും. അവിടെ അവർ പുതിയ ഉയിർത്തെഴുന്നേറ്റ ശരീരങ്ങളിലായിരിക്കും. അതിന് രോഗം ബാധിക്കുകയോ അല്ലെങ്കിൽ പ്രായം കൂടുകയോ അല്ലെങ്കിൽ മരണം സംഭവിക്കുകയോ ചെയ്യില്ല (1 കൊരി. 15). നാം എപ്പോഴും കർത്താവിനോടൊപ്പം ആയിരിക്കും. കർത്താവ് ഈ ഗ്രഹത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ ഇവിടേക്ക് മടങ്ങി വരുമ്പോൾ നാമും തന്നോടൊപ്പം വരും. ഈ ഗ്രഹത്തെ പ്പറ്റിയുള്ള കാര്യങ്ങളിൽ അവസാന വാക്ക് ദൈവത്തിന്റെതായിരിക്കും. കർത്താവായ യേശു മശിഹാ 1000 വർഷം ദൈവത്തിന്റെ പുതിയ ലോക ക്രമത്തിൽ ഭൂമിയെ ഭരിക്കും. ജനങ്ങൾ ദീർഘകാലം ജീവിച്ചിരിക്കും. ഭക്ഷണം സുലഭമായിരിക്കും. യുദ്ധം ഉണ്ടാകില്ല. ദുഷ്ടരായ സ്വേച്ഛാധിപത്യ ഭരണാധികാരികൾ ഉണ്ടാകില്ല (യെശ. 2, യെശ. 11, സങ്കീ. 72, വെളി. 20). അതിനു ശേഷം, കഴിഞ്ഞ യുഗങ്ങളിൽ നിന്നും ഇപ്പോഴത്തെ യുഗത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ട എല്ലാ ജനങ്ങളും പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും എടുക്കപ്പെടും. അവിടെ നാം മഹത്വത്തിൽ ദൈവത്തോടൊപ്പം നിത്യമായി വസിക്കും (2 പത്രൊ. 3, വെളി. 21-2). പ്രത്യാശയോടെ മുന്നോട്ടു നോക്കാൻ നമുക്ക് കാരണമുണ്ട്. എന്തെന്നാൽ, അന്ധകാരം ഭൂമിയെ മൂടിക്കൊണ്ടിരിക്കുന്നു. സത്യ വിശ്വാസിക്ക് യേശു ക്രിസ്തുവിലുള്ള അനുഗ്രഹിക്കപ്പെട്ട പ്രത്യാശയാണ് ഇത്:

***'സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്ത ജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു'*** (തീത്തോ. 2:11-14).

നിങ്ങളുടെ പാപങ്ങളെപ്പറ്റി അനുതപിക്കുന്നതിലൂടെ സുവിശേഷത്തിൽ വിശ്വസിക്കുന്നതിലൂടെ, ഈ അവിസ്മരണീയമായ അനുഭവത്തിന് നിങ്ങൾ സ്ഥാനം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക: ***യേശു മശിഹാ നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു*** (1 കൊരി. 15: 3-4).

ഈ വിഷയത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ മശിഹായുടെ വരവിന്റെ പത്ത് അടയാളങ്ങൾ എന്ന ലഘുപുസ്തകം ആവശ്യപ്പെടുക. *

# ട്രമ്പ് വിജയിച്ചു - ഇനിയെന്ത്?



ആർച്ച് ബിഷപ്പ് കാർലോ മറിയ വിഗാനോ (ഒരു യാഥാസ്ഥിതിക കത്തോലിക്കാ വിശ്വാസിയും ഫ്രാൻസിസ് മാർപാപ്പായുടെ കടുത്ത എതിരാളിയും) യുഎസ് തെരഞ്ഞെടുപ്പ് വിജയിച്ചതിൽ ട്രമ്പിനെ അഭിനന്ദിച്ചു. 'കുറ്റകരമായ നവലോക ക്രമത്തിന് വിരുദ്ധമായുള്ള ദൈവീക ഇടപെടൽ' എന്നാണ് അദ്ദേഹം ട്രമ്പിന്റെ വിജയത്തെ വിശേഷിപ്പിച്ചത്. ' ഭരണകൂടത്തിന്റെ ദുഃസ്വാധീന പരിപാടികൾ' ഇല്ലാതാക്കുന്നതിൽ ട്രമ്പ് വിജയിക്കാൻ അദ്ദേഹം ക്രൈസ്തവരോട് പ്രാർത്ഥന അഭ്യർത്ഥിച്ചു. വിഗാനോ സൂചിപ്പിച്ച 'നവലോകക്രമം', ലോക സാമ്പത്തിക സമിതിയുടെ 'മഹാപുനഃക്രമം', ഐക്യരാഷ്ട്ര സഭയുടെ പരിപാടി 30 തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ട്രമ്പിന്റെ വിജയം തങ്ങളുടെ 'മഹാ പുനഃക്രമം' പദ്ധതിയ്ക്ക് 'മരണമണി' മുഴക്കുമെന്ന് ലോക സാമ്പത്തിക സമിതിയുടെ പ്രധാന നേതാവായ യുവാൽ ഹരാരി പറഞ്ഞു.

വിഗാനോ സൂചിപ്പിച്ച 'നവലോക ക്രമത്തിൽ', വിവിധ അന്താരാഷ്ട്ര കരാറുകൾ ഉൾപ്പെട്ടിരിക്കുന്നു, ഉദാഹരണമായി, കാലാവസ്ഥ വ്യതിയാന കരാർ, ഐക്യരാഷ്ട്ര കുടിയേറ്റ കരാർ, ലോക ആരോഗ്യ സംഘടനയുടെ പകർച്ച വ്യാധി ഉടമ്പടി. രാജ്യങ്ങളുടെ സാമൂഹിക സാമ്പത്തിക നയങ്ങൾ, കേന്ദ്രീകൃത ആഗോള അധികാരത്തിന് അനുസരിച്ച് രൂപപ്പെടുത്താൻ ഒരു കേന്ദ്രീകൃത ബാങ്ക് അംഗുലീ (digital) നാണയം വികസിപ്പിക്കാനും അവർ പരിശ്രമിക്കുന്നു. ഈ യത്നത്തിന്റെ സുപ്രധാന ലക്ഷ്യം 'അംഗുലി ബന്ധനക്ഷമതയും' ആഗോള അംഗുലി ഉടമ്പടിയുമാണ്. അതനുസരിച്ച്, ഈ സംവിധാനം ജനങ്ങളെയും, സ്ഥാപനങ്ങളെയും, ഉപകരണങ്ങളെയും, വസ്തുക്കളെയും അംഗുലീപരമായ ശൃംഖലയിലൂടെ പരസ്പരം ബന്ധിപ്പിക്കും. ആ സംവിധാനം പ്രവർത്തിപ്പിക്കുന്നവരുടെ കൈകളിലാകും അതിന്റെ നിയന്ത്രണം. അതാണ് ലോക സാമ്പത്തിക സമിതി 2020-ൽ 'ആഗോള ലക്ഷ്യങ്ങൾക്കുവേണ്ടി സാങ്കേതിക വിദ്യയെ പുറത്തുകൊണ്ടുവരിക' എന്ന അവരുടെ റിപ്പോർട്ടിൽ എഴുതിയിരിക്കുന്നത്. ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടു രാജ്യങ്ങളിൽ, ഇന്ത്യയിൽ ആധാർ കാർഡിന്റെ രൂപത്തിലും ചൈനയിൽ നിക്ഷേപ സൂചികാ (Credit score ) സംവിധാനത്തിന്റെ രൂപത്തിലും അംഗുലി തിരിച്ചറിയൽ സംവിധാനം പ്രവർത്തി പഥത്തിൽ എത്തിക്കഴിഞ്ഞു.

ഡൊണാൾഡ് ട്രമ്പിന്റെ 'വീണ്ടും അമേരിക്കയെ മഹത്തരമാക്കുക' എന്ന പദ്ധതി 'അമേരിക്കയെ ഒന്നാമത്' (America First) ആക്കുന്നു. മുകളിൽ സൂചിപ്പിച്ചത് സംഭവിക്കാതെ അതിനെ തടയാൻ അദ്ദേഹം ആഗ്രഹിക്കുന്നു. കാലാവസ്ഥാ വ്യതിയാന പരിപാടിയെപ്പറ്റി അദ്ദേഹത്തിന് സംശയം ഉണ്ട്.

എന്നാൽ ഹ്രസ്വ കാലത്തേക്ക് ട്രമ്പ്

കണ്ണഞ്ചിപ്പിക്കുന്ന ഒരു വിജയം നേടി. ടിം സ്റ്റാൻലി *ഡെയിലി ടെലിഗ്രാഫിൽ* എഴുതി: 'അമേരിക്ക ഇപ്പോൾ ട്രമ്പ് രാജ്യമാണ്. പുരോഗമനവാദവുമായും, തുറന്ന അതിർത്തികളുമായും, അന്താരാഷ്ട്ര ഉദ്യോഗസ്ഥ മേധാവിത്വവുമായും, അംഗാര രഹിതത്വമായും, സൈനിക സാഹസികതയുമായും ഇടതുപക്ഷ മാധ്യമങ്ങളുമായും അത് യുദ്ധത്തിലാണ്. പഴയ ക്രമം നിർജ്ജീവമായിരിക്കുന്നു. അത് ഒരിക്കലും പുനരുജ്ജീവനം പ്രാപിക്കില്ല. കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ വോട്ടർമാർ മുറവിളി കൂട്ടുന്നു. അവർ ഒരിക്കൽ കുടിയേറ്റക്കാർ ആയിരുന്നെങ്കിലും, ഇപ്പോൾ കൂട്ട കുടിയേറ്റം അവർ നിരാകരിക്കുന്നു. അവർ അമേരിക്കൻ സ്വപ്നത്തിൽ വിശ്വസിക്കുന്നു. ഡെമോക്രാറ്റിക് കക്ഷിയുടെ സ്വയം വെറുക്കുന്ന പാശ്ചാത്യ വിരുദ്ധ പ്രവണത, ഇസ്ലാമികവാദത്തിനും അസംബന്ധമായ ക്യാമ്പസ് തീവ്രവാദത്തിനും എതിരെ പോരാടാനുള്ള അവരുടെ താല്പര്യമില്ലായ്മ, ശേമ്യ വിരുദ്ധതയുടെ വെറുപ്പുളവാക്കുന്ന സാധാരണവൽക്കരണം, പ്രയോജനകരമല്ലാത്ത അരാജകത്വ പുരോഗമന വാദം, ലിംഗത്തിന്റെ കാര്യത്തിൽ ജീവശാസ്ത്ര താദാത്മ്യത്തെ തിരസ്കരിക്കൽ (സമൂഹത്തിൽ സ്വവർഗ്ഗ ലൈംഗികതയും, ദ്വിലിംഗ ലൈംഗികതയും അടിച്ചേൽപ്പിക്കുന്നത്) ഒക്കെ അവരെ മുഷിപ്പിക്കുന്നു.

മെൽവിൻ ടിങ്കർ തന്റെ 'ഒളിശക്തി - പാശ്ചാത്യർ പരാജയപ്പെട്ടത് എങ്ങനെ?' എന്ന പുസ്തകത്തിൽ, രാഷ്ട്രീയ കൃത്യതയും സാംസ്കാരിക മാർക്സിസവും ആഫ്രിക്കൻ അമേരിക്കൻ പ്രശ്നവും, പാശ്ചാത്യ സമൂഹത്തിലെ സ്ഥാപനങ്ങളിൽ എങ്ങനെ നുഴഞ്ഞുകയറിയെന്ന് വിശകലനം ചെയ്യുന്നു. ബൈബിൾ ഉപദേശത്തിന് വിരുദ്ധമായുള്ള ആശയങ്ങളും ജീവിതശൈലിയും അവർ അടിച്ചേൽപ്പിച്ചു. അവർക്കെതിരെ സംസാരിക്കുന്നത് ക്രൈസ്തവരെ സംബന്ധിച്ച് മിക്കപ്പോഴും പ്രയാസകരവും അപകടകരവുമാക്കി. സ്ഥാപനങ്ങളുടെ അധികാരം പിടിച്ചെടുക്കാൻ അവർ 'ഗ്രാമ്സി നയം' (ഉപായത്താലുള്ള ബലപ്രയോഗം)ഉപയോഗിച്ചു. ഗ്രാമ്സി ഒരു ഇറ്റാലിയൻ മാർക്സിസ്റ്റ് ആയിരുന്നു. മാർക്സിന്റെ ആശയമായ കമ്മ്യൂണിസ്റ്റ് വിപ്ലവം, പാശ്ചാത്യ സമൂഹങ്ങളിലെ മുതലാളിത്ത വ്യവസ്ഥിതിയെ തൂത്തെറിയില്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അതുകൊണ്ട്, 'പുരോഗമന വാദം' സമൂഹത്തിലെ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സംവിധാനത്തിന്റെയും മാധ്യമങ്ങളുടെയും ഭരണനിർവ്വഹണത്തിന്റെയും നിയമം സംവിധാന ജോലികളുടെയും, സർക്കാരിന്റെയും, നീതിന്യായ വകുപ്പിന്റെയും പോലീസിന്റെയും നിയന്ത്രണം ഏറ്റെടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ഒരിക്കൽ അവർക്ക് നിയന്ത്രണം ലഭിച്ചു കഴിഞ്ഞാൽ, അവർ പൊതുവായി തീവ്ര വലത് അല്ലെങ്കിൽ ഫാസിസ്റ്റ്' എന്ന് മുദ്ര കുത്തുന്ന വിരുദ്ധമായ ആശയങ്ങളോട് ഒരു ദാക്ഷിണ്യവും കാണിക്കില്ല. അതിന്റെ ഫലമായി ജനങ്ങൾ അവർക്ക് കീഴടങ്ങുന്നു. സ്വവർഗ്ഗ ലൈംഗികതയുടെ പ്രചരണം അവരുടെ കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കുകയും ലിംഗമാറ്റം നടത്തിയ പുരുഷന്മാർ വനിതകളുടെ സ്പോർട്സിൽ കളിക്കുമ്പോഴും വെള്ളക്കാരെ അവരുടെ ചരിത്രവും സംസ്കാരവും ഓർത്ത് കുറ്റബോധം തോന്നിപ്പിക്കുമ്പോഴും, ജനങ്ങൾ ഇവയ്ക്കെതിരെ സംസാരിക്കാൻ ഭയക്കും.

ഈ അസംബന്ധത്തിന് അവസരം നൽകാൻ ട്രമ്പിന് താല്പര്യമില്ല. സർവ്വകലാശാലകളിൽ നിന്നും വിദ്യാഭ്യാസ സംവിധാനങ്ങളിൽ നിന്നും ഇവയൊക്കെ പിഴുതെറിയാൻ അദ്ദേഹം ആഗ്രഹിക്കുന്നു. സമൂഹത്തിലെ 'രഹസ്യ ഭരണകൂട സ്വാധീനവും' (deep state) ഇല്ലാതാക്കാൻ ട്രമ്പ് ആഗ്രഹിക്കുന്നു. പരമ്പരാഗതമായ ക്രിസ്തീയ കുടുംബ മൂല്യങ്ങളെ

അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും ഗർഭഛിദ്രത്തെയും സ്വവർഗ്ഗ ലൈംഗികതയെയും എതിർക്കുകയും ചെയ്യുന്നു. ഇപ്പോൾ പാശ്ചാത്യ സമൂഹത്തിൽ പ്രകടമായിരിക്കുന്ന യിസ്രായേൽ വിരുദ്ധ ആക്രമണങ്ങളെ തടയിടുവാനും അദ്ദേഹം ആഗ്രഹിക്കുന്നു. അദ്ദേഹം പ്രസിഡന്റ് ആയിരുന്ന സമയത്ത്, യെരൂശലേം യിസ്രായേലിന്റെ വിഭജിക്കപ്പെടാത്ത തലസ്ഥാനം ആണെന്ന യിസ്രായേലിന്റെ വീക്ഷണത്തെ പിന്തുണച്ചുകൊണ്ട് അമേരിക്കൻ എംബസി യെരൂശലേമിലേക്ക് മാറ്റി. അറബ് രാജ്യങ്ങളെ യിസ്രായേലുമായി ഒത്തുതീർപ്പിന് പ്രേരിപ്പിക്കുന്ന അബ്രാഹാമിക ഉടമ്പടിയെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. യിസ്രായേലിനെ പിന്തുണയ്ക്കാനുള്ള തന്റെ താല്പര്യം രണ്ടാമത്തെ തവണ പ്രസിഡന്റ് ആകുന്ന ഈ സമയത്തും ട്രമ്പ് വെളിപ്പെടുത്തി. അതുപോലെ യിസ്രായേലിന്റെ സുരക്ഷ ഉറപ്പാക്കുന്ന സമാധാന പദ്ധതിയ്ക്ക് വേണ്ടിയും ട്രമ്പ് പ്രവർത്തിക്കുന്നു.

അതിന്റെ ഫലമായി, ആവേശഭരിതരായ ചില ക്രൈസ്തവർ, പ്രത്യേകിച്ച് യിസ്രായേലിനെ പിന്തുണയ്ക്കുന്ന അമേരിക്കയിലെ ക്രൈസ്തവ പ്രസ്ഥാനം, ട്രമ്പിന്റെ വിജയത്തെ യാഥാസ്ഥിതിക ക്രൈസ്തവ വിശ്വാസത്തിന്റെ വിജയമായി അവകാശപ്പെടുന്നു. മിശിഹൈക റബ്ബി ജോനാഥാൻ കാഹൻ, അറ്റ്ലാന്റയിലെ വിശ്വാസ നേതൃത്വ യോഗത്തിൽ ഒരു പ്രവചനം നൽകി: 'പ്രസിഡന്റ് ട്രമ്പ്, നിങ്ങൾ ലോകത്തിൽ ജനിച്ചത് ദൈവത്തിന്റെ കാഹളം ആകാനാണ്. ദൈവത്തിന്റെ കൈകളിൽ കർത്താവിന്റെ ഒരു പാത്രം ആകാനാണ്.... അമേരിക്കയുടെ ബാൽ ദേവനെ തൂത്തെറിയാൻ ദൈവം താങ്കളെ തെരഞ്ഞെടുത്തിരിക്കുന്നു. ഗർഭഛിദ്ര നയത്താൽ ദശലക്ഷക്കണക്കിന് കുഞ്ഞുങ്ങൾ ബലിയാടുകൾ ആവുന്നു...... ദൈവത്തിലേക്ക് തിരിഞ്ഞാലേ അമേരിക്ക വീണ്ടും മഹത്തരമാവൂ. അമേരിക്കയെ വീണ്ടും ചരിത്രത്തിലേക്ക് കൊണ്ടുവരുവാനും ലോകത്തെ രൂപാന്തരപ്പെടുത്താനും ദൈവം ഉപയോഗിക്കാൻ പോകുന്ന ഒരു പാത്രമായിരിക്കും താങ്കൾ.'

ഈ പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ട വ്യക്തികൾ അമേരിക്കയെ വീണ്ടും വ്യക്തമായും ഒരു ക്രിസ്തീയ രാജ്യമാക്കി പുനർനിർമ്മിക്കുമെന്ന് പറഞ്ഞത് എൻബിസി ന്യൂസിലെ ഒരു ലേഖനം ഉദ്ധരിച്ചു. അവർ ട്രമ്പിന്റെ വിജയത്തെ പ്രവചന നിവർത്തിയായി ആഘോഷിച്ചു. ലോകത്താകമാനമുള്ള 'ക്രിസ്തീയ മേധാവിത്വത്തിന്റെ പുതിയ യുഗം' കൊണ്ടുവരുവാനുള്ള ദൈവത്തിന്റെ പദ്ധതിയിലേക്കുള്ള സുപ്രധാന ചുവട്‌വെയ്പ്പാണ് ഇതെന്നും അവർ വിശ്വസിക്കുന്നു. ഒരു സ്വയം പ്രഖ്യാപിത അപ്പൊസ്തലനായ ഡച്ച് ഷീറ്റ്സ്, ട്രമ്പിന്റെ വിജയത്തെപ്പറ്റി 'മൂന്നാമത്തെ മഹത്തായ ഉണർവ്വ്' എന്നാണ് പറഞ്ഞത്. അദ്ദേഹവും മറ്റു വിശ്വാസികളും പറയുന്നത് ലോകത്താകമാനം തീക്ഷ്ണതയുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ ഉണർവ്വ് നടക്കുമെന്നാണ്.


മാത്യു ടെയ്‌ലർ ഇതിനെപ്പറ്റി അഭിപ്രായം പറഞ്ഞു, 'ഒരു ജനാധിപത്യ നിയോഗം മാത്രമല്ല ഒരു ആത്മീയ നിയോഗവും അവകാശപ്പെടാൻ ട്രമ്പിന് ഇപ്പോൾ പ്രാപ്തിയുണ്ട്. വലിയൊരു കൂട്ടം അമേരിക്കൻ ക്രൈസ്തവർ അതുപോലൊരു ആഹ്വാനം സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുന്നു. ട്രമ്പ് ചെയ്യാൻ തീരുമാനിക്കുന്നതെന്തിനും ദൈവശാസ്ത്രപരവും ധാർമ്മികവും ആത്മീയവുമായ പരിരക്ഷ കൊടുക്കാൻ അവർ തയ്യാറാണ്.' അപകടകരമായ സ്ഥിതിയാണിത്. കാരണം, ട്രമ്പ് ഒരു രാഷ്ട്രീയക്കാരനാണ്. നിരവധി രാഷ്ട്രീയക്കാരെപ്പോലെ അദ്ദേഹത്തിന്റെ ഭൂതകാല ഇടപാടുകൾ തന്റെ വികലമായ വ്യക്തിത്വത്തെ കാണിക്കുന്നു. താൻ ഒരു ക്രൈസ്തവ വിശ്വാസിയാണെന്ന് ട്രമ്പ് പറയുന്നില്ല.

എന്നാൽ, പരമ്പരാഗത ക്രൈസ്തവ മൂല്യങ്ങളോട് അദ്ദേഹത്തിന് മമതയുണ്ടുതാനും.

ട്രമ്പിനെ പിന്തുണയ്ക്കുന്നവരിൽ ചിലർ 'നവ അപ്പൊസ്തലിക ഉണർവ്വ്' എന്ന പഠിപ്പിക്കലിനെ പിന്തുണയ്ക്കുന്നവരാണ്. ഇത് പഠിപ്പിക്കുന്നത് യേശുവിന്റെ മടങ്ങിവരവിന് മുൻപ് അന്ത്യകാലത്ത് വലിയൊരു ഉണർവ്വ് നടക്കുമെന്നും ക്രൈസ്തവ വിശ്വാസത്തിന്, രാഷ്ട്രീയ അധികാരമുൾപ്പെടെയുള്ള മേഖലകളിൽ മേൽക്കോയ്മ ലഭിക്കുമെന്നാണ്. എന്നാൽ അതിനു വിരുദ്ധമായി ബൈബിൾ പഠിപ്പിക്കുന്നത് അന്ത്യകാലത്ത് എതിർ ക്രിസ്തുവിന്റെ ശക്തികൾ അധികാരത്തിൽ വന്ന് വിശ്വാസികളെ അടിച്ചമർത്തുമെന്നാണ്. അത് നാം വെളിപ്പാട് 13-ൽ കാണുന്നു.

അദ്ദേഹത്തിന്റെ വിജയം, യേശുവിന്റെ മടങ്ങി വരവിന് മുൻപ് ക്രൈസ്തവ വിശ്വാസത്തിന്റെ ആഗോള വിജയത്തിലേക്ക് നയിക്കില്ലെന്ന് ബൈബിൾ വീക്ഷണത്തിൽ നമുക്ക് പറയാൻ കഴിയും. ലോകത്തിലേക്ക് നിരവധി പ്രതിസന്ധികൾ വരുന്നത് നാം കാണുന്നു. പ്രത്യേകിച്ച് സാമ്പത്തിക മേഖലയിൽ, ഇടതുപക്ഷ ഭരണകൂടങ്ങൾക്കോ വലതുപക്ഷ ഭരണകൂടങ്ങൾക്കോ അത് പരിഹരിക്കാൻ കഴിയില്ല. പ്രവചനം പറയുന്നത് യേശുവിന്റെ മടങ്ങിവരവിന് മുൻപ് എതിർ ക്രിസ്തു പ്രത്യക്ഷപ്പെട്ട് സമാധാനം വാഗ്ദാനം ചെയ്യുകയും (കഴിഞ്ഞ ലേഖനം കാണുക) ലോകത്തിന്റെ സാമ്പത്തിക സംവിധാനത്തിൽ മാറ്റം കൊണ്ടുവരികയും ചെയ്യുമെന്നാണ്. അതിന്റെ ഫലമായി ഒരു പുതിയ ഏകാധിപത്യ സംവിധാനം ലോകത്ത് വരും (വെളി. 13: 16 -18). ഈ സമാധാനത്തിന് അല്പായുസ്സു മാത്രമേ ഉണ്ടാകൂ. ലോകം അന്ത്യകാല യുദ്ധത്തിലേക്കും ഏകാധിപത്യത്തിലേക്കും മഹോപദ്രവത്തിലേക്കും വഴുതിവീഴും (മത്താ. 24:21-22, വെളി. 6-19).

ഈ പ്രക്രിയയുടെ ഒരു ഘട്ടത്തിൽ യഥാർത്ഥത്തിൽ രക്ഷകനായ യേശുക്രിസ്തു സഭയുടെ ഉൽപ്രാപണത്തിൽ തന്റെ ജനത്തെ തന്നിലേക്ക് എടുക്കാൻ വരും (1 തെസ്സ. 4-5). സർവ്വശക്തിയോടും മഹത്ത്വത്തോടും കൂടെ അവിടുന്ന് ഭൂമിയിൽ മടങ്ങിവരുന്നതിന് മുൻപാണ് അത് (മത്താ. 24:30). അപ്പോൾ 'ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും' (വെളി. 11 :15). അതിനിടയിൽ നാം സത്യത്തിനു വേണ്ടി നിലകൊള്ളുകയും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മഹത്ത്വകരമായ സന്ദേശം പ്രഘോഷിക്കുകയും വേണം. *





# ഗ്രീസ്, പേർഷ്യ, യിസ്രായേൽ

## ഈ കാല സംഭവങ്ങളിൽ ബൈബിളിന്റെ അത്ഭുതാവഹമായ പ്രസക്തി

നിവർത്തിയായ പ്രവചനങ്ങളും നിവർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രവചനങ്ങളും നിവർത്തിയാവാനുള്ള പ്രവചനങ്ങളും ഉൾപ്പെട്ട ബൈബിൾ ഒരു നിസ്തുല ഗ്രന്ഥമാണ്. അതുപോലുള്ള വിവരങ്ങൾ ഉൾപ്പെട്ട മറ്റൊരു പുസ്തകവും ഇല്ല. ആദിയും അന്തവും അറിയാവുന്ന ദൈവത്തിന് മാത്രമേ വരാൻപോകുന്ന സംഭവങ്ങളെപ്പറ്റിയുള്ള അറിവ് തന്റെ ദാസന്മാർക്കും പ്രവാചകന്മാർക്കും നൽകാൻ കഴിയൂ. ദൈവത്തിന്റെ വചനത്തിൽ അത് എഴുതിയിരിക്കുന്നു. ദൈവവചനത്തിന്റെ വിശ്വാസ്യതയുടെ സാക്ഷ്യമാണത്.

ദാനിയേലിന്റെ പുസ്തകത്തിൽ ബൈബിളിലെ ഏറ്റവും സുപ്രധാനമായ ചില പ്രവചനങ്ങൾ അടങ്ങിയിട്ടുണ്ട്. ബിസി 598 മുതൽ 538 വരെയുള്ള യിസ്രായേലിന്റെ ബാബിലോന്യ പ്രവാസത്തിനുശേഷം സാമ്രാജ്യങ്ങളുടെ ഉദയത്തെയും തകർച്ചയെയും പറ്റി ഈ പ്രവചനങ്ങൾ വിവരങ്ങൾ നൽകുന്നു. അതുകൊണ്ട് വിശദവും നിർദ്ദിഷ്ടവുമാണ് ദാനിയേലിന്റെ പ്രവചനങ്ങൾ. അതുകൊണ്ടായിരിക്കും, അവ പിന്നീട്, ബിസി 165-ൽ എഴുതിയതായിരിക്കുമെന്ന് അവിശ്വാസികൾ അവകാശപ്പെടുന്നത്. എന്നാൽ, പ്രവചനത്തിലെ വാക്കുകൾ തന്നെ രേഖപ്പെടുത്തുന്നത് ഈ പ്രവചനങ്ങൾ ദാനിയേൽ പ്രവാചകന് നല്കപ്പെട്ടത് അവനെ യെരൂശലേമിൽ നിന്ന് ബാബിലോനിലേക്ക് പ്രവാസിയായി പിടിച്ചുകൊണ്ടുപോയ സമയത്താണെന്നാണ്. ഏതാണ്ട് ബിസി 605- ൽ ആരംഭിച്ച ഈ കാലയളവ് ബിസി 540 - ൽ മേദ്യ പാർസി അധിനിവേശക്കാർ ബാബിലോൻ ആക്രമിച്ചു കീഴടക്കുന്നതുവരെ തുടർന്നു.

ദാനിയേൽ 8-ലെ പ്രവചനം ബേൽശസ്സർ രാജാവിന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിലാണ് നല്കപ്പെട്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ബാബിലോന്യ സാമ്രാജ്യത്തിന്റെ അന്തിമ വർഷങ്ങളിൽ, മേദ്യരും പാർസികളും അത് തൂത്തെറിയുന്നതിന് മുൻപ് (ദാനിയേൽ 5-ൽ എഴുതിയത് ). യവനരുടെയും പാർസികളുടെയും യുദ്ധത്തിന്റെ പ്രമേയത്തെപ്പറ്റിയും വരാൻപോകുന്ന എതിർ ക്രിസ്തുവിനെപ്പറ്റിയും (ദാനിയേൽ 8:23-26) അധ്യായം 8 - ൽ പറയുന്നു. അത് നാം പിന്നീട് ഈ ലേഖനത്തിൽ പരിശോധിക്കും.

### കോരെശ് പ്രവചനം.

ദാനിയേൽ 10:1-ൽ നാം വായിക്കുന്നു, ***'പാർസി രാജാവായ കോരെശിന്റെ മൂന്നാം ആണ്ടിൽ ബേൽത്ത് ശസ്സർ എന്നു പേരുള്ള ദാനീയേലിനു ഒരു കാര്യം വെളിപ്പെട്ടു.'*** കോരെശിനെപ്പറ്റിയുള്ള പരാമർശം കൗതുകകരമാണ്. യെഹൂദരുടെ ബാബിലോന്യ പ്രവാസത്തിന്റെ കാലഘട്ടത്തിന് വളരെ മുൻപ് ജീവിച്ചിരുന്ന പ്രവാചകൻ യെശയ്യാവ്, യെഹൂദർ പ്രവാസത്തിലേക്ക് പോകുമെന്ന് മാത്രമല്ല, അവർ യിസ്രായേൽ ദേശത്തിലേക്ക് മടങ്ങിവന്ന് യെരൂശലേമിൽ മന്ദിരം പണിയുമെന്നും പ്രവചിച്ചു (യെശ. 44:24-45.13). ഇത് നടത്തിക്കൊടുക്കുന്നയാളിന്റെ പേര് കോരെശ് എന്നാണ്: ***'കോരെശ് എന്റെ ഇടയൻ അവൻ എന്റെ ഹിതമൊക്കെയും നിവർത്തിക്കും എന്നും യെരൂശലേം പണിയപ്പെടും, മന്ദിരത്തിനു അടിസ്ഥാനം ഇടും എന്നും ഞാൻ (കർ***

***ത്താവ്) കല്പിക്കുന്നു'*** (44:28). അധ്യായം 44, അവനെ ദൈവത്തിന്റെ അഭിഷിക്ത നെന്ന് വിളിക്കുകയും അവൻ ബാബി ലോൻ പിടിച്ചടക്കുന്ന രീതിയും ദൈവ ത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത യായ യെഹൂദർ യെരൂശലേമിലേക്ക് മടങ്ങിപ്പോകാൻ വഴിയൊരുക്കുന്നതും പ്രവചിക്കുകയും ചെയ്തു.

യെഹൂദ ചരിത്രകാരനായ ജോസീഫ സിന്റെ അഭിപ്രായപ്രകാരം, ദാനിയേൽ യെശയ്യാ പ്രവചനത്തിന്റെ ചുരുൾ കോരെശിന് സമർപ്പിച്ചു. 150 വർഷങ്ങ ൾക്ക് മുൻപ് എഴുതപ്പെട്ട ഒരു പ്രവച നത്തിൽ തന്റെ പേര് എഴുതിയിരിക്കു ന്നത് കണ്ട് അവന് മതിപ്പ് ഉണ്ടാവു കയും യെഹൂദരുടെ മടങ്ങിപ്പോക്കിനെ പ്പറ്റി വിളംബരം പുറപ്പെടുവിക്കുകയും ചെയ്തു :

***'പാർസി രാജാവായ കോരെശ് ഇപ്ര കാരം കല്പിക്കുന്നു: സ്വർഗ്ഗത്തിലെ ദൈവമായ യഹോവ ഭൂമിയിലെ സകല രാജ്യങ്ങളെയും എനിക്കു തന്നിരി ക്കുന്നു; യെഹൂദയിലെ യെരൂശലേ മിൽ അവനു ഒരു ആലയം പണി വാൻ എന്നോടു കല്പിച്ചുമിരി ക്കുന്നു. നിങ്ങളിൽ അവന്റെ ജനമാ യിട്ടു ആരെങ്കിലും ഉണ്ടെങ്കിൽ അവന്റെ ദൈവം അവനോടു കൂടെ ഇരിക്കുമാ റാകട്ടെ; അവൻ യെഹൂദയിലെ യെരൂശലേമിലേക്കു യാത്രപുറപ്പെട്ടു യിസ്രായേലിന്റെ ദൈവമായ യഹോ വക്കു ആലയം പണിയട്ടെ; അവ നല്ലോ യെരൂശലേമിലെ ദൈവം'*** (എസ്രാ 1 :2-4).

യെഹൂദ ജനതയ്ക്ക് വേണ്ടി ചെയ്ത കാരുണ്യ പ്രവൃത്തി കൂടാതെ, മഹാ നായ കോരെശ്, തന്റെ മനുഷ്യാവ കാശ ഉത്തരവിനും പ്രസിദ്ധിയാർജ്ജിച്ചു. ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരി ക്കുന്ന സൈറസ് ഗോളസ്തംഭത്തി ലാണ് ഈ ഉത്തരവ് ആലേഖനം ചെയ്തിരിക്കുന്നത്. ലോകത്തിലെ ആദ്യത്തെ മനുഷ്യാവകാശ ലിഖിത മായി ഇതിനെ നിരവധിയാളുകൾ പരി ഗണിക്കുന്നു. അവൻ അടിമകളെ സ്വത ന്ത്രരാക്കി, സ്വന്തം മതം തെരഞ്ഞെടു ക്കാൻ ഓരോരുത്തർക്കും അവകാശം ഉണ്ടെന്ന് പ്രഖ്യാപിച്ചു, വംശീയ സമത്വ ത്തിന്റെ പ്രമാണങ്ങൾ രൂപപ്പെടുത്തി.

## പാർസികളുടെയും യവനരുടെയും യുദ്ധങ്ങൾ



ദാനിയേൽ 8-ൽ, പാർസി സാമ്രാജ്യ ത്തിൽ പിന്നീട് സംഭവിക്കുന്ന കാര്യ ങ്ങൾ പ്രവാചകന് വെളിപ്പെടുന്നു. അവൻ ഒരു ദർശനം കാണുന്നു, ***'ഞാൻ തലപൊക്കിയപ്പോൾ, രണ്ടു കൊമ്പുള്ള ഒരു ആട്ടുകൊറ്റൻ നദീ തീരത്തു നില്ക്കുന്നതു കണ്ടു; ആ കൊമ്പുകൾ നീണ്ടവയായിരുന്നു; ഒന്നു മറ്റേതിനെക്കാൾ അധികം നീണ്ടതു; അധികം നീണ്ടതു ഒടുക്കം മുളച്ചുവന്നതായിരുന്നു. ആ ആട്ടു കൊറ്റൻ പടിഞ്ഞാറോട്ടും വടക്കോ ട്ടും തെക്കോട്ടും ഇടിക്കുന്നതു ഞാൻ കണ്ടു; ഒരു മൃഗത്തിനും അതിന്റെ മുമ്പാകെ നില്പാൻ കഴിഞ്ഞില്ല; അതിന്റെ കയ്യിൽനിന്നു രക്ഷിക്കാകു ന്നവനും ആരുമില്ല; അതു ഇഷ്ടം പോലെ ചെയ്തു വമ്പു കാട്ടിപ്പോന്നു'*** (8:3-4). സ്വപ്നത്തിന്റെ വ്യാഖ്യാനം അവന് നൽകി. ആട്ടുകൊറ്റൻ മേദ്യ പാർസ്യ രാജാക്കന്മാരെ പ്രതിനിധീക രിക്കുന്നു. കോലാട്ടുകൊറ്റൻ യവന സാമ്രാജ്യത്തെയും പ്രതിനിധീകരി ക്കുന്നു. കോലാട്ടുകൊറ്റന് വലിയ കൊമ്പുകൾ (അധികാരത്തിന്റെ അട യാളം) ഉണ്ട്. അത് തകർന്നു പോവു

കയും ***നാലു കൊമ്പു അതിൽ നിന്ന് മുളച്ചു വരികയും ചെയ്യും. എന്നാൽ അതിന് പഴയ ശക്തി കാണില്ല*** (8:19–22).

അതെല്ലാം സംഭവിച്ചെന്ന് പുരാതന ചരിത്രം വെളിപ്പെടുത്തുന്നു. വടക്ക്, തെക്ക്, പടിഞ്ഞാറ് ദിശകളിൽ വ്യാപിച്ചുകിടന്ന പാർസി സാമ്രാജ്യം ആ സമയത്ത് ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യമായിരുന്നു. ബിസി 480–ൽ അവർ ഗ്രീസ് കീഴടക്കി. എന്നാൽ, ഗ്രീക്കുകാർ തിരിച്ച് ആക്രമിച്ചപ്പോൾ അവർക്ക് പിന്മാറേണ്ടിവന്നു. നൂറു വർഷത്തിനു ശേഷം അലക്സാണ്ടർ തന്റെ ജൈത്ര യാത്ര തുടങ്ങിയപ്പോൾ, മാസിഡോണിയ മുതൽ ഈജിപ്റ്റ് വരെയും, അതിനുശേഷം പാർസിയിലേക്കുള്ള മാർഗ്ഗത്തിൽ ഡമാസ്ക്കസ് മുതൽ യെഹൂദ്യ വരെയും കീഴടക്കി.

ജോസീഫസ് രേഖപ്പെടുത്തിയതു പ്രകാരം, അലക്സാണ്ടർ യെരൂശലേമിലേക്ക് വന്നപ്പോൾ വിശുദ്ധ മന്ദിരത്തിലെ മഹാപുരോഹിതൻ ദാനിയേൽ പ്രവചനത്തിന്റെ പകർപ്പ് ചക്രവർത്തിയെ കാണിച്ചു. പാർസികളെ പരാജയപ്പെടുത്തുമെന്ന തന്റെ ലക്ഷ്യം നിറവേറുമെന്ന് വിശ്വസിക്കാൻ അത് അലക്സാണ്ടറെ പ്രോത്സാഹിപ്പിച്ചു. പാർസി സാമ്രാജ്യം ചരിത്രത്തിലെ സുപ്രധാനമായ ഒരു സൈനിക നടപടിയിലൂടെ അദ്ദേഹം കീഴടക്കി. അധ്യായം 8–ൽ കോലാട്ടുകൊറ്റന്റെ അടയാളം ഗ്രീക്കുകാർക്ക് നൽകിയത് കൂടാതെ, അധ്യായം 7–ൽ അവരെ പുള്ളിപ്പുലിയോടും ഉപമിക്കുന്നു. പുള്ളിപ്പുലി ഭൂമിയിലെ ഏറ്റവും വേഗതയേറിയ മൃഗമാണ്. അലക്സാണ്ടർ ലോകം കീഴടക്കിയ അസാധാരണമായ വേഗതയെ അത് പ്രതിഫലിപ്പിക്കുന്നു.

കോലാട്ടുകൊറ്റന്റെ അധികാരം തകരുമെന്നും, അവന്റെ രാജ്യം നാലായി പിരിയുമെന്നും ദാനിയേൽ 8:8 പ്രവചിക്കുന്നു (ദാനി. 11 :3–4 കാണുക ). ഇത്രയും വലിയ ഒരു ഭൂവിഭാഗം പിടിച്ചടക്കിയതിന് ശേഷം അലക്സാണ്ടർ ബാബിലോനിൽ വച്ച് തന്റെ 33–മത്തെ വയസ്സിൽ മരിച്ചു. അവന്റെ നാലു സൈനിക മേധാവികൾ രാജ്യം നാലായി വിഭജിച്ചെടുത്തു. അതിന്റെ ഫലമായി സെലൂക്യ വംശം സിറിയയ്ക്കു ചുറ്റുമുള്ള പ്രദേശത്തിന്റെയും, ടോളമിയും അവന്റെ അവകാശികളും ഈജിപ്റ്റും പിടിച്ചെടുത്തു. ഈജിപ്റ്റിനും സിറിയയ്ക്കും ഇടയിൽ യിസ്രായേൽ കിടക്കുന്നതുകൊണ്ട് അത് സംഘർഷ ഭൂമിയായി മാറി. രണ്ടു രാജാക്കന്മാരും പരസ്പരം പോരാടി. വടക്ക് ഭാഗത്തെ രാജാക്കന്മാരും (സിറിയ) തെക്ക് ഭാഗത്തെ രാജാക്കന്മാരും (ഈജിപ്റ്റ്) തമ്മിലുള്ള യുദ്ധത്തെപ്പറ്റി ദാനിയേൽ 11 –ൽ വിവരിക്കുന്നു.

ബിസി 175–164 മുതൽ, യെഹൂദ്യയും യെരൂശലേമും പിടിച്ചെടുക്കാൻ സെലൂക്യ രാജാവ് അന്ത്യോക്കസ് നാലാമൻ സിറിയയിൽ നിന്നു വന്നു. യെഹൂദരെ ഏറ്റവും കഠിനമായി അടിച്ചമർത്തിയ രാജാവായിരുന്നു അയാൾ. ബൈബിൾ പ്രയോഗത്തിൽ പറഞ്ഞാൽ അതിക്രൂരനായ ഈ രാജാവിന് ദാനിയേൽ 8:23–ലെ (എതിർ ക്രിസ്തു) ഉഗ്രമായ സവിശേഷത ഉണ്ടായിരുന്നു. അവൻ തന്നെത്തന്നെ ദൈവത്തിന് മുകളിലായി ഉയർത്തി, ദൈവിക സിദ്ധികൾ ഉണ്ടെന്ന് അവകാശപ്പെട്ടു. അവൻ തന്നെത്തന്നെ ‘എപ്പിപാനസ്’ (ശ്രേഷ്ഠൻ) എന്ന് വിളിച്ചു. യെഹൂദന്മാർ അവനെ ‘എപ്പിമാനസ്’ എന്ന് വിളിച്ചു, അതിനർത്ഥം ഭ്രാന്തൻ. ദൈവത്തെപ്പോലെ തന്നെയും ആരാധിക്കണമെന്ന് അവൻ ആവശ്യപ്പെട്ടു. മന്ദിരത്തിൽ യിസ്രായേലിന്റെ ദൈവത്തെ ആരാധിക്കുന്നത് അവൻ നിർത്തലാക്കി. അവൻ ഒരു ബിംബം ഉയർത്തുകയും സിയൂസ് ദേവന് ഒരു യാഗപീഠം പണിയുകയും ചെയ്തു. അവൻ വിശുദ്ധ മന്ദിരത്തിന്റെ ബലിവേദിയിൽ പന്നിയെ അർപ്പിക്കുകയും തോറാ ചുരുളുകൾ അശുദ്ധമാക്കുകയും നശിപ്പിക്കുകയും ചെയ്തു. ദാനിയേലിന്റെ ‘ശൂന്യമാക്കുന്ന മ്ലേച്ഛത’ എന്ന പ്രവ

ചനം അതിലൂടെ നിവർത്തിയായി. യഹോവയോട് വിശ്വസ്തരായി തുടർന്നവരെ അവൻ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു.

## അലക്സാണ്ടറിന്റെയും യവനരുടെയും സ്വാധീനം

അലക്സാണ്ടർക്ക് സൈനിക അധിനിവേശത്തിൽ മാത്രമായിരുന്നില്ല താല്പര്യം, യവന ആശയങ്ങളും, തത്വചിന്തയും, ശാസ്ത്രവും ഭാഷയും പ്രചരിപ്പിക്കാൻ താൻ ആഗ്രഹിച്ചു. ആ സമയത്ത് ലോകത്തിലെ ഏറ്റവും നൂതനമായിരുന്നു അവയൊക്കെ. അദ്ദേഹം ഈജിപ്റ്റിൽ അലക്സാൻഡ്രിയ പോലുള്ള നഗരങ്ങൾ സ്ഥാപിച്ചു. പുരാതന ലോകത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക വിജ്ഞാന കേന്ദ്രമായിരുന്നു അത്. അമൂല്യങ്ങളായ രേഖകൾ ഉൾപ്പെട്ട വലിയ ഗ്രന്ഥശാല അവിടെയുണ്ടായിരുന്നു. ഈ ഗ്രന്ഥശാല പിന്നീട് ചുട്ടെരിക്കപ്പെട്ടു. പുരാതന ലോകത്തെപ്പറ്റിയുള്ള ഗണനനാതീതമായ അറിവാണ് അതുമൂലം നമുക്ക് നഷ്ടപ്പെട്ടത്. ഇന്ന് ഇംഗ്ലീഷിനെപ്പോലെ ഗ്രീക്ക്, പുരാതന ലോകത്തിന്റെ പൊതുഭാഷയായിരുന്നു. ബിസി മൂന്നാം നൂറ്റാണ്ടു മുതൽ ഒന്നാം നൂറ്റാണ്ടുവരെയുള്ള കാലയളവിൽ അലക്സാൻഡ്രിയിൽ വച്ച് സെപ്റ്റുവജിന്റ് രൂപത്തിൽ എബ്രായ ബൈബിൾ ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തി. യേശു ക്രിസ്തുവിന്റെ ശുശ്രൂഷ വിവരിക്കുന്ന സുവിശേഷങ്ങളും പുതിയ നിയമവും യവന ഭാഷയിൽ എഴുതാൻ അത് വഴിയൊരുക്കി. അതിന്റെ ഫലമായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന മശിഹായുടെ സന്ദേശം റോമാ സാമ്രാജ്യത്തിൽ ആകമാനം പരന്നു.

യവന ചിന്തയും ആശയങ്ങളും റോമാ സാമ്രാജ്യത്തിൽ വലിയ സ്വാധീനമാണ് ചെലുത്തിയത്. അതുകൊണ്ട്, നിരവധി രീതികളിൽ പുരാതന ലോകത്തിലും അതിനു ശേഷമുള്ള ലോകത്തിലും റോമാക്കാരിൽ യവന സ്വാധീനം തുടർന്നു. ജനാധിപത്യം എന്ന ആശയം ഏഥൻസിൽ നിന്നാണ് വന്നത്. ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ, അവർ തെരഞ്ഞെടുക്കുന്ന ഒരാൾ സർക്കാരിൽ പ്രതിനിധിയാവുക എന്ന ആശയത്തിന് സ്വീകാര്യത വന്നു. മാനവിക തത്വചിന്ത ഗ്രീക്കുകാരാണ് വികസിപ്പിച്ചത്. ഗ്രീക്ക് തത്വചിന്തകൻ ഹെരാക്ലീറ്റസിന്റെ 'മനുഷ്യനാണ് എല്ലാറ്റിന്റെയും അളവുകോൽ' എന്ന തത്വചിന്ത അതിനെ പ്രതിനിധീകരിക്കുന്നു. യഥാർത്ഥ പാപം എന്ന ബൈബിൾ വീക്ഷണത്തിന് വിരുദ്ധമായി മനുഷ്യരിൽ എല്ലാം ധാർമ്മികത അന്തർലീനമായുണ്ട് എന്ന് അരിസ്റ്റോട്ടിൽ പഠിപ്പിച്ചു. ഹെരാക്ലീറ്റസ് ഇങ്ങനെയും പറഞ്ഞു, 'എല്ലാം ഒഴുകുന്നു,' ഒരേ അരുവിയിൽ നിങ്ങൾക്ക് രണ്ടു പ്രാവശ്യം കാൽ വയ്ക്കാനാവില്ല 'ഇത് മാനവികതയുടെ തത്വചിന്തയാണ്. അപരിമിതമായി യാതൊന്നുമില്ല. എല്ലാം ആപേക്ഷികമാണ്. അരുവിയിലെ വെള്ളം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് മൂല്യങ്ങളും ആശയങ്ങളും മാറിക്കൊണ്ടിരിക്കുന്ന ലോകത്തിന് അനുസരിച്ച് പൊരുത്തപ്പെടണം. മനുഷ്യൻ എല്ലാറ്റിന്റെയും അളവുകോൽ ആണെന്ന ആശയവുമായി അത് പൊരുത്തപ്പെടണം. അതുകൊണ്ട് മനുഷ്യൻ അവന്റെ തന്നെ ദൈവമാകുന്നു. അവനെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശമോ അല്ലെങ്കിൽ ഉന്നതാധികാരത്തിന് കീഴടങ്ങലോ ആവശ്യമില്ല.

ബൈബിൾ അതിനു വിരുദ്ധമായി ഇങ്ങനെ പറയുന്നു, ***'യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ടു യാക്കോബിന്റെ പുത്രന്മാരേ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു'*** (മലാ. 3:6). ദൈവത്തിന്റെ ബൈബിൾ ചിത്രം പാറയാണ്. അവിടുത്തെ പ്രവൃത്തി തികവുള്ളതാണ്. ദൈവമാണ് സത്യത്തിന്റെയും നീതിയുടെയും ഉറവിടം

(ആവ. 32:4). നമ്മുടെ ജീവിതം ദൈവത്തിലുള്ള വിശ്വാസത്തിന്റെ മാറ്റമില്ലാത്ത പാറയിൽ പണിയാനും അവിടുത്തെ വചനം അനുസരിക്കാനും യേശു നമ്മോട് പറയുന്നു (മത്താ. 7:24–25). മനുഷ്യന്റെ മാറിക്കൊണ്ടിരിക്കുന്ന തത്വചിന്തയിലല്ല നാം ജീവിതം കെട്ടിപ്പടുക്കേണ്ടത്.

ഇന്ന് നാം മാനവികതയുടെ ആധിപത്യം കാണുന്നു. യവന ലോക വീക്ഷണത്തിലൂന്നിയ മനുഷ്യ കേന്ദ്രീകൃത തത്വചിന്ത പാശ്ചാത്യ ലോകത്ത് ഇന്ന് നാം കാണുന്നു. അത് ബൈബിളിൽ വെളിപ്പെട്ടതിന് വിരുദ്ധമാണ്. മാനവികത അതിന്റെ ആപേക്ഷികമായ ധാർമ്മിക മൂല്യങ്ങളോടെ, ദൈവത്തിന്റെ കല്പനകളെ നിരാകരിക്കുന്നത് പാശ്ചാത്യ ലോകത്ത് ഒരു പ്രധാന പ്രതിഭാസമായി മാറിക്കഴിഞ്ഞു. സജീവമായ സഭയെപ്പോലും അത് സ്വാധീനിക്കുന്നു. സെഖ. 9:13-ൽ കർത്താവ് പറയുന്നു, ***'സീയോനേ, ഞാൻ നിന്റെ പുത്രന്മാരെ യവനദേശമേ, നിന്റെ പുത്രന്മാരുടെ നേരെ ഉണർത്തി നിന്നെ ഒരു വീരന്റെ വാൾ പോലെയാക്കും.'*** ഇതിന്റെ വെളിച്ചത്തിൽ യവന സ്വാധീനമുള്ള മാനവികതയും തിരുവചനാടിസ്ഥാനത്തിലുള്ള യെഹൂദ ക്രിസ്തീയ മൂല്യങ്ങളും തമ്മിൽ പാശ്ചാത്യ സമൂഹത്തിൽ സംഘർഷത്തിലാവുന്നത് ഇന്ന് നാം കാണുന്നു.

## യവനരും പാർസികളുമായി ബന്ധപ്പെട്ട് യിസ്രായേലിലെ ഈ കാല സംഭവങ്ങൾ

യവനരെയും പാർസികളെയും സംബന്ധിക്കുന്ന ഈ പ്രവചനങ്ങൾ ദാനിയേലിന്റെ പുസ്തകത്തിൽ നാം കാണുന്നു. യെഹൂദ ജനതയുടെ മേൽ അവർക്കുള്ള സ്വാധീനം യിസ്രായേലിന് ചുറ്റും നടക്കുന്ന അന്ത്യകാല സംഘർഷങ്ങളുമായി ബന്ധപ്പെട്ട ഭാവി പ്രവചനങ്ങളായി ലയിക്കുന്നു. ഈ മിശ്രിതത്തിൽ ഒരു ദുഷ്ടരൂപം കടന്നുവരുന്നു. ആ വ്യക്തിയെ വർണ്ണിച്ചിരിക്കുന്നത്, 'ചെറിയ കൊമ്പ്' (ദാനിയേൽ 7:8), 'ഉഗ്രഭാവവും ഉപായബുദ്ധിയും ഉള്ളോരു രാജാവു' (ദാനി. 8:23), 'വരുവാനുള്ള പ്രഭു' (ദാനി. 9:26), സ്വന്തം 'ഇഷ്ടംപോലെ പ്രവർത്തിക്കുന്ന' രാജാവ് (ദാനി. 11:36–37). ഈ പേരുകൾ എല്ലാം വരാൻ പോകുന്ന ദുഷ്ടലോകാധിപതിയെ പരാമർശിക്കുന്നു. പുതിയ നിയമ പ്രവചനങ്ങളിൽ മൃഗമെന്നും, അധർമ്മ മൂർത്തിയെന്നും, അല്ലെങ്കിൽ എതിർ ക്രിസ്തുവെന്നും അവൻ അറിയപ്പെടുന്നു. ഇവനും ദാനിയേൽ 8:9–12 വരെ പറഞ്ഞിരിക്കുന്ന ദുഷ്ട അധിപതിയും തമ്മിൽ ഒരു ബന്ധമുണ്ട്. ഈ ലേഖനത്തിൽ അവനെ നാം ഇതിനകം അന്ത്യോക്കസ് എപ്പിപാനസ് എന്ന് തിരിച്ചറിയുന്നു. മക്കബായരുടെ കാലത്ത് യിസ്രായേലിനെ അടിച്ചമർത്തിയ ഗ്രീക്ക് /സിറിയൻ അധിപതിയാണ് എപ്പിപാനസ്.

1948-ൽ യിസ്രായേൽ രാജ്യം സ്ഥാപിതമായതിന്ശേഷം യെഹൂദ ജനത രണ്ടാമത്തെ പ്രാവശ്യം യിസ്രായേൽ ദേശത്തിലേക്ക് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നത് ഇന്ന് നാം കാണുന്നു. 1967-ൽ ആറു ദിവസത്തെ യുദ്ധം മൂലം അവർ ഭരണം യെഹൂദ്യ, ശമര്യ (വെസ്റ്റ് ബാങ്ക് ) വരെ വിപുലപ്പെടുത്തി. യിസ്രായേലിന്റെ പുരാതന, വർത്തമാനകാല തലസ്ഥാന നഗരമായ യെരൂശലേമിന് ചുറ്റുമുള്ള പ്രദേശമാണിത്. അങ്ങനെ ചെയ്തതിലൂടെ, യെഹൂദ ജനത ലോകത്താകമാനം ചിതറിപ്പോയിട്ട് ദേശത്തിൽ പുനഃസ്ഥാപിക്കപ്പെടുമെന്ന പുരാതന പ്രവചനങ്ങൾ നിറവേറി. യിസ്രായേലിന്റെ പുനഃസ്ഥാപനത്തിലൂടെ, ആദ്യം ഭൗതികമായി ഒരു യെഹൂദ രാഷ്ട്രമായി, പിന്നീട് യെഹെസ്കേൽ 36:24–28 വരെയുള്ള പ്രവചനത്തിന് അനുസരിച്ച് ആത്മീയമായി പുനഃസ്ഥാപിക്കപ്പെട്ടു.

***'ഞാൻ നിങ്ങളെ ജാതികളുടെ ഇട***

***യിൽ നിന്നു കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്ത ദേശത്തേക്കു വരുത്തും. ഞാൻ നിങ്ങ ളുടെമേൽ നിർമ്മലജലം തളിക്കും; നിങ്ങൾ നിർമ്മലരായി തീരും, ഞാൻ നിങ്ങളുടെ സകലമലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങ ളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാ ണിച്ചു അനുഷ്ഠിക്കും. ഞാൻ നിങ്ങ ളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങ ൾക്കു ദൈവമായും ഇരിക്കും.'***

ഈ സംഭവം മശിഹായുടെ മടങ്ങിവര വുമായി ബന്ധപ്പെട്ടിരിക്കുന്നു. അവി ടുന്നാണ് എഡി 70-ലെ യെരുശലേ മിന്റെ വീഴ്ചയെപ്പറ്റിയും രാജ്യങ്ങളുടെ ഇടയിൽ യെഹൂദ ജനത ചിതറിപ്പോകു മെന്നും പ്രവചിച്ചത്. എന്നാൽ യേശു ഇങ്ങനെ പറഞ്ഞു: ***'ജാതികളുടെ കാലം തികയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്കളകയും ചെയ്യും'*** (ലൂക്കൊ. 21:24). യെഹൂദ ജനത ദേശ ത്തിലേക്കും യെരൂശലേമിലേക്കും മട ങ്ങിവരുന്നത്, അന്ത്യകാല സംഭവങ്ങ ളുമായും തന്റെ ജനത്തെ രക്ഷിക്കാനും മശിഹൈക രാജ്യം സ്ഥാപിക്കാനും മശിഹാ മടങ്ങിവരുന്നതുമായും ബന്ധ പ്പെട്ടിരിക്കുന്നു. മശിഹാ യെരൂശലേ മിൽ നിന്ന് ഭരിക്കുകയും ലോകത്ത് സമാധാനം കൊണ്ടുവരികയും ചെയ്യും.

## യവനരും പാർസികളും ഇന്ന്

എന്നാൽ ഇത് സംഭവിക്കുന്നതിന് മുൻപ് ആ മേഖലയിൽ മുഴുവൻ ഒരു വലിയ കഷ്ടത്തിന്റെ ഒരു സമയം ഉണ്ടാ കുമെന്നും, യിസ്രായേലും അതിന്റെ അയൽ രാജ്യങ്ങളും തമ്മിൽ യുദ്ധം ഉണ്ടാകുമെന്നും ബൈബിൾ പ്രവചി ക്കുന്നു. അതിന്റെ കാരണം, ദേശത്തിന്റെ ഉടമസ്ഥതയെ ചൊല്ലിയായിരിക്കും. സംഘർഷത്തിന്റെ മൂലകാരണം യെരൂ ശലേം ആയിരിക്കും. അത് മുഴുവൻ ലോകത്തെയും ബാധിക്കും. ഇന്ന് യിസ്രായേൽ അതുപോലൊരു സംഘ ർഷത്തിന്റെ മധ്യത്തിലാണെന്ന് നാം കാണുന്നു. അത് പാർസികളെയും (ആധുനിക ഇറാനും മുസ്ലിം ലോക വും) ഗ്രീക്കുകാരെയും (പാശ്ചാത്യ സഖ്യവും അമേരിക്കയും) സ്പർശി ക്കുന്നു.

പേർഷ്യയിൽ നല്ല മനുഷ്യരും, (പ്രത്യേ കിച്ച് കോരെശ്), അതുപോലെ ദുഷ്ടമ നുഷ്യരും ഉണ്ടാകുമെന്ന് ബൈബിൾ ആഖ്യാനത്തിലുണ്ട്. എസ്ഥേറിന്റെ പുസ്തകം ലോകത്തിലെ ആദ്യത്തെ വംശഹത്യയ്ക്ക് പദ്ധതിയിട്ട, പാർസി സാമ്രാജ്യത്തിൽ നിന്ന് യെഹൂദരെ തുടച്ചുമാറ്റാൻ ശ്രമിച്ച ദുഷ്ടനായ ഹാമാ നെപ്പറ്റി പറയുന്നു. ആധുനിക കാലത്ത് ഇറാനിലെ ഷാ, യിസ്രായേലിനോട് മമതയുണ്ടായിരുന്ന പാശ്ചാത്യ അനു കൂല ഭരണാധികാരിയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആഡംബര ജീവിത രീതി മൂലവും തന്റെ ശത്രുക്ക ൾക്ക് നേരെ പോലീസ് സേനയെ ഉപ യോഗിച്ചതു മൂലവും തനിക്ക് ജനസ മ്മതി നഷ്ടപ്പെട്ടു. ഇത് 1979-ൽ ആയ ത്തുള്ള ഖോമൈനിയുടെ നേതൃത്വ ത്തിലുള്ള ഇസ്ലാമിക വിപ്ലവത്തിലേക്ക് നയിച്ചു. അവരാണ് ഇപ്പോഴും അധികാ രത്തിൽ ഇരിക്കുന്നത്. ഇത് തീവ്രവാദ നിലപാടുള്ള അടിച്ചമർത്തുന്ന ഒരു ഇസ്ലാമിന്റെ രൂപം അവർ ജനങ്ങളിൽ അടിച്ചേൽപ്പിച്ചു. തങ്ങൾ വലിയ സാത്താൻ (അമേരിക്ക) എന്നും ചെറിയ

സാത്താൻ (യിസ്രായേൽ) എന്നും വിളിക്കുന്ന രാജ്യങ്ങളുടെ മേൽ അവർ യുദ്ധം പ്രഖ്യാപിച്ചു.

കോരെശിന്റെതിനു പകരം ഹാമാന്റെ മാതൃക പിൻപറ്റിയ, ഇസ്ലാമിക ഭരണ കൂടം ശതകോടിക്കണക്കിന് ഡോളർ യിസ്രായേലിന് ചുറ്റുമുള്ള അറബ് ദേശങ്ങളിലെ സിയോൻ വിരുദ്ധ നിഴൽ സംഘങ്ങളിലേക്ക് ഒഴുക്കി, അവർക്ക് വലിയ അളവിൽ മിസൈലുകളും ആയുധങ്ങളും നൽകി. അതിന്റെ ലക്ഷ്യം യിസ്രായേലിന്റെ നാശം ആയിരുന്നു. ആണവ ബോംബ് വികസിപ്പിക്കുക എന്ന ലക്ഷ്യവുമായി ഇറാൻ ഒരു ആണവ പദ്ധതിയുമായി മുന്നോട്ടു പോകുന്നു. തങ്ങളുടെ നിലനിൽപ്പിന് അത് ഭീഷണിയാണെന്ന് യിസ്രായേൽ ഗണിക്കുന്നു.

ഇറാന്റെ ചെയ്തികൾ ആ മേഖലയിൽ എതിർ ചേരിയിലുള്ള അറബ് സംഘങ്ങളെയും സംഘർഷത്തിലേക്ക് വലിച്ചിഴയ്ക്കുന്നു. ഇറാനെ എതിർക്കുന്ന മിതവാദികളായ സുന്നി മുസ്ലിം രാജ്യങ്ങളായ സൗദി അറേബ്യയും ഈജിപ്റ്റും ജോർദാനും ആ പ്രദേശത്ത് ഇറാന്റെ ഇടപെടൽ അംഗീകരിക്കുന്നില്ല. തങ്ങളുടെ ഭരണകൂടം എന്തുകൊണ്ടാണ് വലിയ സമ്പത്തും ശ്രമങ്ങളും ഈ രാജ്യങ്ങൾക്കുള്ളിലെ സംഘർഷത്തിനു വേണ്ടി ചെലവഴിക്കുന്നതെന്ന് നിരവധി ഇറാൻ പൗരന്മാർ ചോദ്യം ചെയ്യുന്നു. ഇറാന്റെ ജനതയുടെ താല്പര്യങ്ങളുമായി ഈ ചെലവാക്കലിന് ഒരു ബന്ധവുമില്ല. ഇപ്പോൾ ഇറാന്റെ സഖ്യകക്ഷികളും ഇറാനുമായുള്ള തങ്ങളുടെ സഖ്യത്തിന്റെ മൂല്യം ചോദ്യം ചെയ്യുന്നു.

മിക്കവാറും ഇറാൻ പൗരന്മാർ ഇസ്ലാമിക ഭരണകൂടത്തെ വെറുക്കുന്നു അവരെ സംബന്ധിച്ച് ദുഃഖകരമായ സംഗതി, അവരുടെ രാജ്യം സാത്താന്യ ശക്തികൾക്ക് കീഴടങ്ങി സത്യ ദൈവത്തോട് യുദ്ധം ചെയ്ത് രാജ്യത്തെ ദുരന്തത്തിലേക്ക് നയിക്കുന്നു എന്നതാണ്. കൗതുകകരം എന്നു പറയട്ടെ, ദാനിയേൽ 10-ൽ പ്രവാചകൻ ശക്തനായ ഒരു ദൂതനെ സന്ധിക്കുന്നു. അവൻ ദാനിയേലിനോട് പറഞ്ഞു: ***'ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നതു എന്തിനെന്നു നീ അറിയുന്നുവോ? ഞാൻ ഇപ്പോൾ പാർസി പ്രഭുവിനോടു യുദ്ധം ചെയ്‌വാൻ മടങ്ങിപ്പോകും; ഞാൻ പുറപ്പെട്ട ശേഷമോ, യവന പ്രഭു വരും.'*** 'പ്രഭു' എന്ന് പറഞ്ഞിരിക്കുന്നത് ദാനിയേലിന്റെ സമയത്ത് പേർഷ്യയ്ക്കും ഗ്രീസിനും മുകളിലുള്ള സാത്താന്യ ശക്തികളെയാണ്. അന്ത്യകാലത്ത് ലോകത്തെ പ്രശ്നത്തിലാക്കാൻ അവർ വീണ്ടും ഉയർന്നു വരുമെന്ന് തോന്നുന്നു.

അന്ത്യകാലത്ത് ഗോഗ് മാഗോഗ് യുദ്ധത്തിൽ (യെഹെ. 38:5) യിസ്രായേലിന് എതിരായി വരുന്ന രാജ്യങ്ങളിൽ ഒന്ന് ഇറാൻ (പേർഷ്യ) ആണെന്ന് സൂചനയുണ്ട്. യിസ്രായേലിന് വടക്കുള്ള ഒരു രാജ്യവുമായി (റഷ്യ അല്ലെങ്കിൽ തുർക്കി) അത് ബന്ധപ്പെട്ടിരിക്കുന്നു. അറബ് രാജ്യങ്ങളുടെ ഇടയിൽ ഇറാന്റെ ശക്തി പ്രകടിപ്പിക്കാനുള്ള ആയത്തൊള്ളയുടെ ശ്രമങ്ങൾക്കേറ്റ വലിയ പ്രഹരമാണ് അടുത്തകാലത്ത് സിറിയയിൽ ആസാദിന്റെ സേനകൾക്ക് നേരെ നടന്ന സായുധ കലാപം. എന്നിരുന്നാലും, യിസ്രായേലിന് എതിരെ പോരാടാൻ റഷ്യയും തുർക്കിയും ഇറാനും ഉൾപ്പെടുന്ന ഒരു സഖ്യം തുർക്കിയുടെ പ്രസിഡന്റ് എർദൊഗൻ നിർദ്ദേശിച്ചു. പ്രവചന വിദ്യാർത്ഥികൾ ഇതിനെ യെഹെസ്കേൽ 38, 39 എന്നീ അധ്യായങ്ങളിൽ പറയുന്ന സഖ്യമാണെന്ന് തിരിച്ചറിയുന്നു. ഇവിടെ പറയുന്ന ഗോഗ് മാഗോഗ് യുദ്ധം, വടക്കു നിന്നുള്ള ഒരു അധിനിവേശമാണ്. ഈ യുഗത്തിന്റെ അവസാനത്തിൽ യെഹൂദ ജനത ദേശത്ത് വീണ്ടും ഒരുമിച്ചു കൂടുമ്പോൾ യിസ്രായേലിന് എതിരെ നടക്കുന്ന

യുദ്ധമാണത്. ഈ സൈന്യം യിസ്രായേലിനെ ആക്രമിക്കുമ്പോൾ, ദൈവം അവരെ അമാനുഷികമായി നശിപ്പിക്കും (38:18-23).

യെഹെസ്കേലിന്റെ പ്രവചനത്തെപ്പറ്റിയുള്ള അമ്പരപ്പിക്കുന്ന ഒരു വസ്തുത, ഈ സമയത്ത്, അധിനിവേശം നടക്കുമ്പോൾ യിസ്രായേൽ 'നിർഭയമായി വസിക്കു'കയായിരിക്കും (38:8). അതിന്റെ എബ്രായ പദം l'betach എന്നാണ്. അതിന്റെ അർത്ഥം 'സുരക്ഷിതമായിരിക്കുക' എന്നാണ്. ഇന്ന് യിസ്രായേൽ ആയിരിക്കുന്നത് വലിയ സുരക്ഷിതമില്ലായ്മയിലാണ്. വിവിധ മുഖങ്ങളിൽ രാജ്യത്തിനെതിരെ തീവ്രവാദവും യുദ്ധവും ഭീഷണിയുയർത്തുന്നു. അവരുടെ ശത്രുക്കൾ മിസൈലുകളും ആളില്ലാവിമാനങ്ങളുമായി സജ്ജരാണ്. അതുകൊണ്ട്, തുടക്കത്തിൽ എന്തെങ്കിലും സംഭവിക്കാനുണ്ടോ? ഈ ലേഖനത്തിൽ നാം ചർച്ച ചെയ്ത മറ്റൊരു ജനതയായ യവനർക്ക് ഇതിൽ എന്തെങ്കിലും ചെയ്യാനുണ്ടോ?

ആധുനിക ഗ്രീസ് യൂറോപ്യൻ യൂണിയന്റെ അംഗമാണ്. അവർ ഇപ്പോൾ താരതമ്യേന യിസ്രായേലുമായി സൗഹൃദത്തിലാണ്. മദ്ധ്യധരണി കടലിലെ, യിസ്രായേലിന്റെ തീരം മുതൽ സൈപ്രസ് തീരം വരെ കിടക്കുന്ന എണ്ണ, വാതക പാടങ്ങളുമായി ബന്ധപ്പെട്ട് അവർ യിസ്രായേലുമായി കരാറിലാണ്. ഈ ലേഖനത്തിൽ ഞങ്ങൾ നേരത്തെ പറഞ്ഞതുപോലെ, പുരാതന ഗ്രീസ് അതിന്റെ ആശയങ്ങൾ യവന സാമ്രാജ്യത്തിന്റെ മേഖലകളിലും അതിനുശേഷം റോമാ സാമ്രാജ്യത്തിലും യൂറോപ്യൻ രാജ്യങ്ങളിലും പ്രചരിപ്പിക്കുന്ന കാര്യത്തിൽ അവിശ്വസനീയമാംവിധം സ്വാധീനം ചെലുത്തിയിരുന്നു. അന്ത്യകാല പ്രവചനത്തെ സംബന്ധിച്ച്, പാശ്ചാത്യ സഖ്യത്തിൽ ഉൾപ്പെടുന്ന ജനാധിപത്യ രാജ്യങ്ങളായ യൂറോപ്പിനെയും അമേരിക്കയെയും നമുക്ക് ഗ്രീസ് ആയി കാണാം.

പശ്ചിമേഷ്യയ്ക്കുവേണ്ടി ഒരു സമാധാന ഉടമ്പടിയ്ക്ക് മധ്യസ്ഥത വഹിക്കാൻ ശ്രമിക്കുന്ന പാശ്ചാത്യ രാജ്യങ്ങളുടെ പ്രത്യേകിച്ച് അമേരിക്കയുടെ ശ്രമങ്ങൾ നാം കാണുന്നു. ഈ മാസികയിൽ യുദ്ധവും സമാധാനവും എന്ന ലേഖനത്തിൽ ഞങ്ങൾ അത് വിവരിച്ചിട്ടുണ്ട്.

നിർദ്ദേശിക്കപ്പെട്ട ഈ സമാധാന ഒത്തുതീർപ്പിൽ യിസ്രായേലും പാലസ്തീൻ അതോറിറ്റിയും ഉൾപ്പെട്ടിരിക്കുന്നു. മുൻപിലത്തെ ലേഖനത്തിൽ പറഞ്ഞത് പോലെ ദ്വിരാഷ്ട്ര പരിഹാരമാണ് ഉടമ്പടിയുടെ പ്രമേയം. ഇതിലെ തർക്ക വിഷയങ്ങളിൽ ഒന്ന് യെരൂശലേം ആര് ഭരിക്കും എന്നതാണ്. യെരൂശലേം വിഭജിക്കുന്നതിനെപ്പറ്റിയുള്ള എല്ലാ ചിന്തകളും യിസ്രായേൽ നിരാകരിച്ചു. യെരൂശലേം നഗരം തങ്ങളുടെ ശാശ്വതമായ വിഭജിക്കപ്പെടാനാവാത്ത തലസ്ഥാനമാണെന്ന് യിസ്രായേൽ അവകാശപ്പെടുന്നു. പ്രവചന വിദ്യാർത്ഥികൾ ഈ സാഹചര്യത്തെ സെഖര്യാവു 12-14 വരെയുള്ള അധ്യായങ്ങളിൽ കാണുന്ന പ്രവചനമായി കാണുന്നു. ഈ പ്രവചനം അന്ത്യകാലത്ത് യെരൂശലേമിനെ ആഗോള സംഘർഷത്തിന്റെ മുഖ്യ ഹേതുവായി കാണുന്നു. അതിന്റെ സ്ഥിതിയുമായി ബന്ധപ്പെട്ട് അന്തിമ യുദ്ധം നടക്കുകയും മശിഹാ മടങ്ങിവരികയും ചെയ്യും. യോവേൽ 3:2, 'എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ.' ഇത് ലോക രാജ്യങ്ങൾ ദൈവത്തിന്റെ ഹിതത്തിന് വിരുദ്ധമായി യിസ്രായേൽ ദേശത്തെ വിഭജിക്കുന്നതിനെപ്പറ്റി പറയുന്നു.

ദാനിയേൽ എട്ടാം അധ്യായവും നമ്മോട് പറയുന്നത് 'ഉപായബുദ്ധി ഉള്ളോരു രാജാവു എഴുന്നേല്ക്കും' എന്നാണ്. സാത്താന്യ ശക്തി മുഖാന്തരം അവനിൽ രഹസ്യമായ ജ്ഞാനം

ഉണ്ടായിരിക്കുമോ? അതോ, മാനവരാശിയെ നിയന്ത്രിക്കാനും ജനങ്ങളിൽ തന്റെ അധികാരം അടിച്ചേൽപ്പിക്കാനും അവൻ ആധുനിക സാങ്കേതിക വിദ്യയുടെ ശക്തി ഉപയോഗിക്കുമോ?

***'അവന്റെ അധികാരം വലുതായിരിക്കും; സ്വന്ത ശക്തിയാൽ അല്ലതാനും.'*** വെളിപ്പാട് 13:2–4 നമ്മോട് പറയുന്നത് മൃഗത്തിന് അല്ലെങ്കിൽ എതിർ ക്രിസ്തുവിന് മഹാസർപ്പം (പിശാച്) തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുക്കുമെന്നാണ്. (2 തെസ്സ. 2 : 9–10 കാണുക). അവൻ ഉപായവും ചതിയും പ്രയോഗിക്കും. അത് സൂചിപ്പിക്കുന്നത് അവൻ വാർത്താവിനിമയമാർഗ്ഗങ്ങളെ നിയന്ത്രിക്കുമെന്നാണ്. ഈ കാലഘട്ടത്തിൽ അവയെ കൂടുതലായി വ്യാജ പ്രചാരണത്തിനുവേണ്ടി ഉപയോഗിക്കുന്നു.

***'വിശുദ്ധ ജനത്തെയും നശിപ്പിക്കയും ചെയ്യും.'*** മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശ്വസിക്കുന്ന ക്രൈസ്തവരും യെഹൂദരും അന്ത്യകാലത്ത് വളരെ കഠിനമായ പീഡനം നേരിടും. ലോകത്താകമാനം, പാശ്ചാത്യ ലോകത്തെ നാമധേയ ക്രൈസ്തവ രാജ്യങ്ങളിൽ ഉൾപ്പെടെ ജൂത വിരുദ്ധ, ക്രൈസ്തവ വിരുദ്ധ മനോഭാവം വളർന്നുവന്ന് അത് നിയന്ത്രണം ഏറ്റെടുക്കുന്നു. ദാനിയേൽ ഏഴാം അധ്യായം അനുസരിച്ച് ഈ ആത്മാവിൽ നിന്ന് ഒരു 'ചെറിയ കൊമ്പ്' എഴുന്നേൽക്കും. അതിന് 'പത്തു രാജാക്കന്മാർ' അധികാരം നൽകും, അപ്പോൾ : ***'അവൻ അത്യുന്നതനായവനു വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും'*** (ദാനി. 7:25). പത്തു രാജാക്കന്മാർ അധികാരം നൽകിയ മൃഗം അല്ലെങ്കിൽ എതിർ ക്രിസ്തുവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. അവൻ ദൈവത്തിനും മശിഹായ്ക്കും എതിരെ സംസാരിക്കുകയും വിശുദ്ധന്മാരെ പീഡിപ്പിക്കുകയും ചെയ്യും (വെളി. 13:8–10).

ഇതെല്ലാം ഒരുമിച്ച് ഇന്ന് ലോകത്തിൽ വന്നുകൊണ്ടിരിക്കുന്നു. ബൈബിളിൽ പ്രവചിച്ചിരിക്കുന്ന അന്ത്യകാല രംഗം അത് ചൂണ്ടിക്കാണിക്കുന്നു. എതിർ ക്രിസ്തുവിന്റെ വാഴ്ചയുടെ ഏഴു വർഷ കാലയളവിന്റെ അവസാനം, അവന്റെ ദുർഭരണം അവസാനിപ്പിക്കാൻ ശക്തിയോടും മഹത്ത്വത്തോടും കൂടെ മശിഹാ മടങ്ങിവരും. അധികാരം യേശു മശിഹായിലേക്ക് മാറ്റപ്പെടും.

ഉത്പ്രാപണത്തിന്റെ സമയം, യെരൂശലേമിൽ മന്ദിരം പുനർനിർമ്മിക്കുമോ ഇല്ലയോ എന്ന ചോദ്യം ഉൾപ്പെടെ കണക്കു കൂട്ടുവാനോ സങ്കൽപിക്കുവാനോ കഴിയാത്ത നിരവധി കാര്യങ്ങൾ ഈ വിഷയത്തിൽ ഉണ്ട്. എന്നാൽ, സ്ഥലപരിമിതി മൂലം ആ വിഷയങ്ങൾ ഒരു നിമിഷത്തേക്ക് മാറ്റിവയ്ക്കാം. ദാനിയേലിന്റെ പുസ്തകത്തിലെ വേദഭാഗത്തുനിന്ന് നമുക്ക് ഒരു കാര്യം പറയാം, ഏഴു വർഷത്തേക്ക് ഏതെങ്കിലും തരത്തിലുള്ള ഒരു ഒത്തുതീർപ്പ് അല്ലെങ്കിൽ സമാധാന കരാർ ഉണ്ടാകും. മൂന്നര വർഷത്തിന് ശേഷം അത് ലംഘിക്കപ്പെടും. ശൂന്യമാക്കുന്ന മ്ലേച്ഛത ആലയത്തിൽ പ്രതിഷ്ഠിക്കുന്നതുമൂലമാണ് അത് (അന്തിയോക്കസ് എപ്പിഫാനസിന്റെ ബന്ധം ശ്രദ്ധിക്കുക). ഈ ശൂന്യമാക്കുന്ന മ്ലേച്ഛത (അത് അവൻ ദാനിയേലിന്റെ പുസ്തകവുമായി ബന്ധപ്പെടുത്തി പറഞ്ഞു) കാരണം യെഹൂദർ യെരൂശലേമിൽ നിന്നും യെഹൂദ്യയിൽ നിന്നും ഒഴിഞ്ഞു പോവുകയും കർത്താവിന്റെ മടങ്ങിവരവിനു മുൻപുള്ള മഹോപദ്രവത്തിന്റെ അവസാന ഘട്ടത്തിലേക്ക് അത് നയിക്കുകയും ചെയ്യുമെന്ന് യേശു മത്തായി 24:15–21–ൽ പറഞ്ഞു.

***‘എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ” - വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ - അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ....... ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും’*** (മത്താ. 24:22-31).

ശൂന്യമാക്കുന്ന മ്ലേച്ഛതയുടെ സ്വഭാവത്തെപ്പറ്റി നമുക്ക് ഊഹിക്കാനേ കഴിയൂ. യെരൂശലേമിലെ ദൈവാലയ മലയിലെ വിശുദ്ധ സ്ഥലവുമായി അതിന് ബന്ധമുണ്ടെന്നത് വ്യക്തമാണ്. മഹോപദ്രവത്തിന്റെ കാലയളവിന് ശേഷം അന്ത്യകാലത്തിലെ സംഭവങ്ങളോടെ ‘അവസാനം’ വരും. അതിന്റെ ഫലമായി ‘ശൂന്യതയുടെ’ മേൽ അല്ലെങ്കിൽ ‘ശൂന്യത വരുത്തുന്നവന്റെ’ മേൽ ന്യായവിധി ചൊരിയും. ദാനിയേൽ 9:27 - ലെയും യെശയ്യാവ് 28 - ലെയും വ്യാജ സമാധാന ഉടമ്പടി കൊണ്ടുവരുന്നതിലൂടെ, ശൂന്യത വരുത്തുന്ന, ഈ സാഹചര്യം സൃഷ്ടിച്ച എതിർ ക്രിസ്തുവാണ് അതിന്റെ ഉത്തരവാദി. അതിനുശേഷം അവൻ ശൂന്യമാക്കുന്ന മ്ലേച്ഛത കൊണ്ടുവരും.

അതുകൊണ്ട് ആരാണ് അവൻ? ദാനിയേൽ 9:26-27 വരെ വായിക്കുമ്പോൾ ഈ ഉടമ്പടി ഉണ്ടാക്കുന്നവനെയാണ് അവസാനത്തെ വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. അവനെ ‘വരാനിരിക്കുന്ന പ്രഭു’ എന്നു വിളിക്കുന്നു. ഇതിന്റെ പശ്ചാത്തലം, യെരൂശലേമിന്റെ നാശത്തിനും, എഡി 70-ൽ രണ്ടാമത്തെ മന്ദിരത്തിന്റെ നാശത്തിനും ഉത്തരവാദികളായ ജനങ്ങളിൽ നിന്നാണ് (റോമാക്കാർ) അവൻ വരുന്നതെന്നാണ്. ദാനിയേൽ 8:22-26 വരെ നാം വായിക്കുന്നതുപോലെ അവന് ഗ്രീസുമായും ഒരു ബന്ധമുണ്ട്. ദാനിയേൽ എട്ടാം അധ്യായത്തിന്റെ അവസാന വാക്യങ്ങളിൽ പ്രവാചകൻ അന്തിയോക്കസിനെയും എതിർ ക്രിസ്തുവിനെയും ഒരുമിച്ചു കൊണ്ടുവരുന്നു. രണ്ടു പേരിലും ഒരേ ആത്മീക ശക്തിയാണ് പകരപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുന്നു.

ഇതെല്ലാം ഒരുമിച്ച് ഇന്ന് ലോകത്തിൽ വന്നുകൊണ്ടിരിക്കുന്നു. ബൈബിളിൽ പ്രവചിച്ചിരിക്കുന്ന അന്ത്യകാല രംഗം അത് നമുക്ക് ചൂണ്ടിക്കാണിക്കുന്നു. എതിർ ക്രിസ്തുവിന്റെ വാഴ്ചയുടെ ഏഴു വർഷ കാലയളവിന്റെ അവസാനം, അവന്റെ ദുർഭരണം അവസാനിപ്പിക്കാൻ മശിഹാ ശക്തിയോടും മഹത്ത്വത്തോടും കൂടെ മടങ്ങിവരും. അധികാരം യേശു മശിഹായിലേക്ക് മാറ്റപ്പെടും.

നമ്മുടെ പാപങ്ങൾ ഓർത്ത് അനുതപിക്കുന്നതിലൂടെ, ഒരിക്കൽ നമ്മുടെ പാപത്തിന്റെ യാഗമായി കഷ്ടം അനുഭവിച്ച് മരിച്ച്. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ലോകത്തെ നീതിയോടെ ന്യായം വിധിച്ച്, തന്റെ മശിഹൈക രാജ്യം സ്ഥാപിക്കാൻ വീണ്ടും വരുന്ന യേശു മശിഹായെ വിശ്വസിക്കുന്നതിലൂടെ തന്റെ മടങ്ങിവരവിനുവേണ്ടി നാം ഒരുങ്ങേണ്ടിയിരിക്കുന്നു.

***‘ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി’*** വെളിപ്പാട് 11 :15.

സമയം അമാന്തിക്കുന്നതിന് മുൻപ് യെഹൂദന്മാരും, യവനരും, പാർസികളും എല്ലാവരും ഈ രാജ്യത്തിലേക്ക് പ്രവേശിക്കാൻ സ്വാഗതം ചെയ്യപ്പെടണം.*

# കാലത്തിന്റെ അടയാളങ്ങൾ

## സിറിയയും അന്ത്യകാലവും

**2024** ഡിസംബറിന്റെ തുടക്കത്തിൽ നടന്ന, ഇസ്ലാമിക സായുധ സംഘമായ ഹയത്ത് താഹിർ അൽ-ഷാമിന്റെ വിപ്ലവം, ആസാദ് കുടുംബത്തിന്റെ 54 വർഷം നീണ്ട ഭരണത്തെ വെളിച്ചത്തിന്റെ വേഗതയിൽ ഇല്ലാതാക്കി. 2500 വർഷം മുൻപുള്ള 'ദമ്മേശെക്കിനെക്കുറിച്ചുള്ള അരുളപ്പാടു', എന്ന പ്രവചനത്തോട് ഈ സംഭവം ശ്രദ്ധേയമായ സാമ്യം വഹിക്കുന്നു.

***'ഹമാത്തും അർപ്പാദും ദോഷവർത്തമാനം കേട്ടതു കൊണ്ടു ലജ്ജിച്ചു ഉരുകിപ്പോയിരിക്കുന്നു; കടൽവരെ ദുഃഖം വ്യാപിച്ചിരിക്കുന്നു; അതിനു അടങ്ങിയിരിപ്പാൻ കഴിവില്ല'*** (യിരെ. 49:23-27).

ഇദ്‌ലിബിൽ (തുർക്കിയുടെ അതിർത്തിയിലുള്ള വടക്കൻ സിറിയ പ്രദേശം) നിന്നുള്ള വിമതരുടെ അപ്രതീക്ഷിത ആക്രമണം മൂലം സിറിയയുടെ രണ്ടാമത്തെ വലിയ നഗരമായ ആലപ്പോയുടെയും അതിനുശേഷം ദമാസ്കസിന്റെ പാതയിലുള്ള ഹമായുടെയും നിയന്ത്രണം അവരുടെ കൈകളിലായി. യിരെമ്യാവു ഈ രണ്ടു നഗരങ്ങളെയും സൂചിപ്പിക്കുന്നു. അവ ഹമാത്തും അർപ്പാദുമാണ് (അല്ലെങ്കിൽ ആധുനിക കാലത്തെ ടെൽ റിഫാത്). അർപ്പാദ് ആലപ്പോയ്ക്ക് തൊട്ട് വടക്കാണ്, ഹമാത്ത്, സിറിയൻ നഗരമായ ഹമായാണ്.

ഈ ആക്രമണം മൂലം കടലിൽ പ്രശ്നം ഉണ്ടാകുമെന്ന് യിരെമ്യാവ് നമ്മോട് പറയുന്നു. സിറിയയുടെ സമുദ്ര തീരം പടിഞ്ഞാറൻ ഹമായിൽ നിന്ന് അധികം ദൂരത്തല്ല. അവിടെയാണ് തുറമുഖങ്ങളായ റ്റാർട്ടസും ലാടാക്കിയയും സ്ഥിതി ചെയ്യുന്നത്. റഷ്യയ്ക്ക് റ്റാർട്ടസിൽ ഒരു നാവിക കേന്ദ്രമുണ്ട്. മെഡിറ്ററേനിയനിലെ റഷ്യൻ നാവിക സേനയുടെ വളരെ പ്രധാനപ്പെട്ട താവളമാണ് ഇത്. ലാടാക്കിയ, സിറിയൻ നാവിക സേനയുടെ കേന്ദ്രമാണ്. വിമതർ ദമാസ്ക്കസ് പിടിച്ചടക്കി ഒരാഴ്ച കഴിഞ്ഞ് മുൻ ഭരണകൂടത്തിന്റെ ഈ നാവിക കേന്ദ്രവും മിക്കവാറും ആയുധശേഖരവും യിസ്രായേൽ വ്യോമാക്രമണത്തിലൂടെ നശിപ്പിച്ചു.

റഷ്യൻ നാവിക സേന റ്റാർട്ടസിൽ നിന്ന് പിന്മാറി. റഷ്യൻ സേനയും ഇറാൻ സേനയും സിറിയയിൽ നിന്നുള്ള പിന്മാറ്റം ആരംഭിച്ചു. സിറിയയിലെ ആഭ്യന്തര യുദ്ധ സമയത്ത് ആസാദിന്റെ അധികാരം ഉറപ്പിക്കുന്നതിൽ ഈ സേനകളും, ലബനനിൽ നിന്നുള്ള ഹിസ്ബൊള്ളയും പ്രധാന പങ്ക് വഹിച്ചു. ഈ ഉപകാരത്തിന് പകരമായി, സിറിയ, റഷ്യയ്ക്കും ഇറാനും പശ്ചിമേഷ്യയിൽ അവരുടെ സ്വാധീനം സംരക്ഷിക്കാൻ പ്രധാനപ്പെട്ട താവളങ്ങൾ നൽകി. സിറിയയിൽനിന്ന് ഇറാന്റെയും ഹിസ്ബൊള്ളയുടെയും എല്ലാ അധികാരവും നീക്കാൻ ഇപ്പോൾ വിമത സേന ശ്രമിക്കുന്നു. ഇതെഴുതുന്ന സമയത്ത്, റഷ്യയുടെ നാവിക, വ്യോമ കേന്ദ്രങ്ങളുടെ ഭാവിയെപ്പറ്റി അവർ ചർച്ച ചെയ്യുന്നു. റഷ്യയും ഇറാനും ശതകോടിക്കണക്കിന് ഡോളർ സിറിയയിൽ ചെലവഴിച്ചു. അവയിൽ മിക്കതും ഇപ്പോൾ ഈ രണ്ടു രാജ്യങ്ങൾക്കും വലിയ രീതിയിൽ നഷ്ടപ്പെട്ടിരിക്കുന്നു.

***'ദമ്മേശെക് ക്ഷീണിച്ചു ഓടിപ്പോകുവാൻ തിരിയുന്നു; നടുക്കം അതിനു പിടിച്ചിരിക്കുന്നു; നോവു കിട്ടിയ***

*സ്ത്രീക്കു എന്നപോലെ അതിനു അതി വ്യസനവും വേദനയും പിടിപെട്ടിരിക്കുന്നു. കീർത്തിയുള്ള പട്ടണം എന്റെ ആനന്ദപുരം ഉപേക്ഷിക്കാതിരിക്കുന്നതെങ്ങനെ? അതുകൊണ്ടു അതിലെ യൗവനക്കാർ അതിന്റെ വീഥികളിൽ വീഴുകയും സകല യോദ്ധാക്കളും അന്നു നശിച്ചുപോകയും ചെയ്യും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു. ഞാൻ ദമ്മേശെക്കിന്റെ മതിലുകൾക്കു തീവെക്കും; അതു ബെൻ-ഹദദിന്റെ അരമനകളെ ദഹിപ്പിച്ചുകളയും.'*

## ഡമസ്ക്കസ് ദുർബ്ബലമായി

വിമതരുടെ വിജയത്തിന്റെ കാരണം, ദമാസ്ക്കസിന് (ആസാദ് ഭരണകൂടം) അവരെ പിന്തുണയ്ക്കുന്ന സേനകളായ സ്വന്തം സൈന്യത്തിന്റെയും ഹിസ്ബൊള്ളയുടെയും ഇറാനികളുടെയും റഷ്യക്കാരുടെയും പിന്തുണ നഷ്ടമായതാണ്. സകലയോദ്ധാക്കളും അന്നു നശിച്ചുപോകുമെന്ന് യിരെമ്യവ് പറയുന്നു. ലബനനിലെ ഷിയാ സായുധ സംഘമായ ഹിസ്ബൊള്ള, ആസാദിനെ പിന്തുണച്ചുകൊണ്ട് സിറിയയിലെ സുന്നി ഭൂരിപക്ഷമുള്ള പ്രതിപക്ഷ സേനയ്ക്ക് എതിരെ വന്നു. എന്നാൽ, മുൻമാസങ്ങളിൽ യിസ്രായേലുമായുള്ള പോരാട്ടത്തിൽ ഹിസ്ബൊള്ളയുടെ ശക്തിയ്ക്ക് ക്ഷയം സംഭവിച്ചു. യിസ്രായേലുമായുള്ള സംഘർഷത്തിൽ ഇറാൻ ഗൗരവപരമായി ദുർബലമായി. അവരുടെ സൈനിക താവളങ്ങൾ യിസ്രായേൽ ആക്രമിക്കുന്നു. റഷ്യ യുക്രയ്ൻ യുദ്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ആസാദിന്റെ സംരക്ഷണത്തിന് അയക്കാൻ അവർക്ക് സൈന്യമില്ല. അതുകൊണ്ട് ആസാദിന്റെ ഭരണകൂടം ദുർബലമായി. ഒടുവിൽ, അദ്ദേഹത്തിനും കുടുംബത്തിനും റഷ്യയിലേക്ക് ഓടേണ്ടിവന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ സേന അവരുടെ താവളങ്ങൾ ഉപേക്ഷിച്ചുപോയി. അതിനുശേഷം ദമാസ്ക്കസിലേക്ക് ഇരച്ചു കയറിയ വിമതർ എതിർപ്പൊന്നും നേരിട്ടില്ല. അവർ 'ബെൻ -ഹദദിന്റെ' കൊട്ടാരങ്ങൾ കൊള്ളയടിച്ചു (ബെൻ - ഹദദ് = സിറിയൻ ഭരണാധികാരികളെ വിളിക്കുന്ന സാധാരണ പേര്, ആസാദിന്റെ കൊട്ടാരം).

തങ്ങൾ ഇസ്രായേലിന് എതിരെ പോകില്ലെന്നും ഇറാനികളെയും ഹിസ്ബൊള്ളയെയും സിറിയയിൽ നിന്ന് പുറത്താക്കുന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും ജലാനിയുടെ നേതൃത്വത്തിലുള്ള സിറിയയിലെ വിമതസേന പറഞ്ഞു. റഷ്യയുടെ പങ്ക് ഇപ്പോഴും ലഭ്യമാണ്. ക്രൈസ്തവരും അലാവൈറ്റ് ന്യൂനപക്ഷങ്ങളും ഉൾപ്പെടെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു രാജ്യമാണ് ആഗ്രഹിക്കുന്നതെന്ന് അവർ പറഞ്ഞു. അങ്ങനെ സംഭവിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ആലപ്പോയിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് നേരെ ആക്രമണങ്ങൾ നടക്കുന്നുണ്ടെന്ന് ഇതിനകം റിപ്പോർട്ട് വന്നുകഴിഞ്ഞു. ഗേറ്റ്സ്റ്റോൺ ഫൗണ്ടേഷന്റെ റിപ്പോർട്ട് പ്രകാരം, സിറിയയിലെ 5 ലക്ഷം ക്രൈസ്തവരും 2.5 കുർദുകളും ഭാവിയിൽ ജിഹാദികളായ തീവ്രവാദികളിൽ നിന്ന് പീഡനവും അക്രമവും അഭിമുഖീകരിക്കും.

ഒരു വശത്ത് സിറിയയിലെ സംഭവങ്ങൾ ശുഭാപ്തിപരമാണെന്ന് യിസ്രായേൽ കരുതുന്നു. കൂടാതെ, യിസ്രായേലിന്റെ നിലനിൽപ്പിനെ തന്നെ വെല്ലുവിളിക്കുന്ന ഇറാനും അതിന്റെ നിഴൽ സംഘങ്ങളും ദുർബലമായിരിക്കുന്നു. മറ്റൊരു വശത്ത്, പാലസ്തീനെ വിമോചിപ്പിക്കുകയും യെരുശലേമിലെ അൽ അക്സ മോസ്ക്കിലേക്ക് മാർച്ച് നടത്തുകയും ചെയ്യുമെന്ന് ദമാസ്ക്കസ് കീഴടക്കിയതിനുശേഷം സായുധ പോരാളികൾ പ്രതിജ്ഞയെടുത്തു. അവർ

പറഞ്ഞു, 'ഇതാണ് ഇസ്ലാമിന്റെ ഹൃദയം, ഇതാണ് ഇസ്ലാമിന്റെ ദേശം, യെരൂശലേമേ കേൾക്കുക, ഗാസ നിവാസികളെ ക്ഷമയോടെ കാത്തിരിക്കുക, ഇവിടെ നിന്ന് ഞങ്ങൾ യെരൂശലേമിലേക്ക് വരുന്നു.' അതിന്റെ പ്രതികരണമായി, മാരകായുധങ്ങൾ വിമതരുടെ കൈകളിൽ എത്താതിരിക്കാൻ യിസ്രായേൽ സിറിയയുടെ സൈനിക താവളങ്ങളിൽ ബോംബ് വർഷം നടത്തി. കൂടാതെ യാഥാർഥ്യമാകാൻ സാധ്യതയുള്ള ഒരു ഭീഷണിയെ നിർവീര്യമാക്കാൻ യിസ്രായേൽ ഹെർമോൻ മലയുടെ സിറിയൻ വശം പിടിച്ചെടുത്തു. യിസ്രായേൽ സൈന്യം സിറിയൻ ഗോലാൻ പ്രദേശത്തെ സൈനിക പിന്മാറ്റം നടന്ന ഒരു മേഖല പിടിച്ചെടുക്കുകയും, സിറിയൻ സൈന്യത്തിന്റെ ഉപേക്ഷിക്കപ്പെട്ട ഒരു പോസ്റ്റിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. സിറിയയിൽ നിന്ന് വിമതർ യിസ്രായേലിന് ഭീഷണി ഉയർത്തുകയാണെങ്കിൽ സൈനിക നടപടി ഉണ്ടാകുമെന്ന് നെത്ന്യാഹു മുന്നറിയിപ്പ് നൽകി. യിസ്രായേൽ സിറിയയുടെ വായു പ്രതിരോധ സംവിധാനവും നിഷ്പ്രഭമാക്കി. അതുമൂലം, ഇറാന്റെ ആണവ കേന്ദ്രങ്ങൾ ആക്രമിക്കാനുള്ള വഴിയൊരുങ്ങി.

ഈ സംഭവങ്ങൾ ലോകത്തെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് നമുക്ക് ഊഹിക്കാനേ കഴിയൂ. എന്നാൽ, ബൈബിൾ സിറിയയുമായി ബന്ധപ്പെട്ട് രണ്ടു സംഭവങ്ങളെപ്പറ്റി പറയുന്നു. അത് ഇപ്പോഴും സംഭവിച്ചിട്ടില്ല.

### 1. ഗോഗ് മാഗോഗ് യുദ്ധം, യെഹെസ്കേൽ 38–39.

യിസ്രായേലിന്റെ വടക്ക് ഭാഗത്ത് നിന്നു വരുന്ന ഒരു അധിനിവേശമാണിത്. യിസ്രായേലിന്റെ വടക്ക് കിടക്കുന്ന രാജ്യമായ സിറിയയിൽ കൂടിയാണ് അത് വരുന്നത്. യിസ്രായേലിൽ നിന്ന് വളരെ ദൂരെ വടക്കു കിടക്കുന്ന 'മാഗോഗ് ദേശത്തിലെ ഗോഗിൽ' നിന്നായിരിക്കും അത് വരുന്നത്. പൊതുവെ, ഇത് റഷ്യയാണെന്ന് പറയപ്പെടുന്നു. എന്നാൽ, യുക്രയ്ൻ യുദ്ധം മൂലം റഷ്യ വളരെ ദുർബലമായിരിക്കുന്നു. അതിന്റെ സൈന്യം ഇപ്പോൾ പരിതാപകരമായ അവസ്ഥയിലാണ്. യിസ്രായേലിന് എതിരെ പടയോട്ടം നടത്താനുള്ള അവസ്ഥയിൽ അല്ല ഇപ്പോൾ റഷ്യൻ സൈന്യം. മറ്റൊരു സാധ്യത, യിസ്രായേലിന് വടക്കുഭാഗത്ത് കിടക്കുന്ന തുർക്കിയാണ്. സിറിയൻ പ്രശ്നങ്ങളിൽ അവർ കൂടുതലായി ഉൾപ്പെട്ടിരിക്കുന്നു. യിസ്രായേലിന് എതിരെ വരാനുള്ള തങ്ങളുടെ ഉദ്ദേശ്യം തുർക്കി വെളിപ്പെടുത്തിയിട്ടുണ്ട്.

### 2. ദമാസ്ക്കസിന്റെ നാശം, യെശയ്യാവ് 17:

***ഇതാ, ദമ്മേശെക്ക് ഒരു പട്ടണമായിരിക്കാതവണ്ണം നീങ്ങിപ്പോയിരിക്കുന്നു; അതു ശൂന്യകൂമ്പാരമായ് തീരും.*** ചില പണ്ഡിതന്മാർ ഈ സംഭവത്തെ കാണുന്നത് ബൈബിൾ കാലഘട്ടത്തിൽ അശ്ശൂർ ബിസി 733-ൽ ദമാസ്ക്കസ് ആക്രമിച്ചു നശിപ്പിച്ചതുമായി ബന്ധപ്പെടുത്തിയാണ്. എന്നാൽ, ആ സമയത്ത് നഗരത്തിൽ നിവാസികൾ ഇല്ലാതെപോയില്ല. ഈ വാക്യത്തിന്റെ പശ്ചാത്തലം, നഗരം മൊത്തത്തിൽ ശൂന്യമായിക്കിടക്കുന്ന ഒരു സാഹചര്യത്തെയായിരിക്കും വിവരിക്കുന്നത്. അത് ദൈവത്തിന്റെ അന്ത്യകാല പ്രവചനവുമായും യിസ്രായേലുമായും ബന്ധപ്പെട്ടതായിരിക്കും.



അതുകൊണ്ട്, യേശു മശിഹായുടെ മടങ്ങിവരവിന്റെ അടയാളങ്ങൾക്ക് സിറിയയിലെ സംഭവങ്ങൾ വീക്ഷിക്കുക (യേശു മടങ്ങി വരുന്നത് ദമാസ്ക്കസിലല്ല, ഒലിവ് മലയിലാണ്).

## ശേമ്യ വിരുദ്ധതയ്ക്ക് എതിരെ നിൽക്കേണ്ട സമയം ഇതാണ്.

'സിയോൻ വാദികൾ ഒന്നുകിൽ ബ്രിട്ടൻ വിട്ടുപോവുക അല്ലെങ്കിൽ കൊല ചെയ്യപ്പെടും' എന്ന് ഭീഷണി ഉയർത്തുന്ന ജൂത വിരുദ്ധ ലഘുലേഖകൾ ലണ്ടനിലെ പ്രമുഖ ജൂത നിവാസകേന്ദ്രമായ ഹെൻഡണിൽ പ്രത്യക്ഷപ്പെട്ടു. എബ്രായ ഭാഷയിൽ എഴുതപ്പെട്ട ഈ ലഘുലേഖയിൽ ഇംഗ്ലീഷിൽ 'ഇത് സിയോൻവാദ രഹിത മുക്ത മേഖല' യാണെന്നും ഉണ്ടായിരുന്നു. 'നാം നിശബ്ദമായിരുന്നാൽ, അത് വെറുതെ അങ്ങ് മാറിപ്പോകില്ല,' ഞങ്ങളോടൊപ്പം നിലകൊള്ളുക എന്ന പ്രസ്ഥാനത്തിന്റെ യുകെ എക്സിക്യൂട്ടീവ് ഡയറക്ടർ ഐസക്ക് സർഫാറ്റി മുന്നറിയിപ്പ് നൽകി.' ഈ ഭീഷണികളും പ്രസ്താവനകളും നാം ഗൗരവമായി ഏറ്റെടുക്കണം. കാരണം, ഒരു ദിവസം അത് യാഥാർഥ്യമായി മാറും. ഭയപ്പെടുത്തുന്ന ഈ പ്രതിഭാസത്തോട് പോരാടാൻ നിർണ്ണായകമായ ചുവട് വയ്പ്പുകൾ എടുക്കേണ്ടിയിരിക്കുന്നു.'

പാശ്ചാത്യ രാജ്യങ്ങളിലും ബ്രിട്ടനിലും സംഭവിച്ചുകൊണ്ടിരിക്കുന്ന ശേമ്യ വിരുദ്ധ നീക്കങ്ങളിൽ ഒന്നാണ് മേൽ സൂചിപ്പിച്ചത്. ഗാസ യുദ്ധം ആരംഭിച്ചതിന് ശേഷം ആഴ്ച തോറും യിസ്രായേലിന് എതിരെ നടക്കുന്ന പ്രകടനങ്ങൾ യെഹൂദർക്കും യിസ്രായേലികൾക്കും എതിരെയുള്ള വെറുപ്പിന്റെ മാമാങ്കങ്ങളായി മാറുന്നു. സിയോൻ വാദ വിരുദ്ധർ എന്ന നിലയിൽ അവരോടൊപ്പം നിൽക്കുന്നവർ 'പാലസ്തീൻ മോചിപ്പിക്കുക,' 'നദി മുതൽ കടൽ വരെ, പാലസ്തീൻ സ്വതന്ത്രമാകും' എന്ന് ഉരുവിടുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യിസ്രായേൽ രാഷ്ട്രത്തിന്റെ ഉന്മൂലനമാണ് അവർ പ്രഖ്യാപിക്കുന്നത്. അഗ്നിച്ചൂളയ്ക്ക് (Ho locaust) ശേഷം ചരിത്രത്തിലെ ഏറ്റവും ഭീകരമായ ശേമ്യ വിരുദ്ധ പ്രവൃത്തിയായ 2023, ഒക്ടോബർ 7 ആക്രമണത്തിന്റെ സൂത്രധാരകന്മാരായ ഹമാസിനെ അവർ പിന്തുണയ്ക്കുന്നു. അതിനുശേഷം നടന്ന യുദ്ധം മൂലം ഗാസ ജനതയ്ക്കുണ്ടായ കൊടിയ യാതന ഞങ്ങൾ തിരിച്ചറിയുന്നു. എന്നാൽ, ഈ യുദ്ധത്തിന്റെയും പശ്ചിമേഷ്യയിൽ നടക്കുന്ന എല്ലാ സംഘർഷങ്ങളുടെയും മൂലകാരണം യിസ്രായേലിനെ നശിപ്പിക്കാനുള്ള ഭ്രാന്തമായ ആഗ്രഹമാണ്. അത് ആ മേഖലയിലും യൂറോപ്പിലും അമേരിക്കയിലും ഉള്ള യിസ്രായേലിന്റെ ശത്രുക്കളെ ഉത്തേജിപ്പിക്കുന്നു.

മുഖ്യധാരാ ക്രൈസ്തവ സഭയും ഈ വിഷയത്തിൽ മൗനം പാലിക്കുന്നു. ഇപ്പോൾ രാജിവച്ച കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെൽബി, യിസ്രായേൽ - ഹമാസ് യുദ്ധം തുടർന്നപ്പോൾ, നിരവധി മാസങ്ങളായി യെഹൂദ രാഷ്ട്രത്തിന് വിരുദ്ധമായി പ്രകോപനമുളവാക്കുന്ന പ്രസ്താവനകൾ തൊടുത്തുവിടുകയാണ്. പശ്ചിമ തീരത്തും കിഴക്കൻ യെരുശലേമിലുമുള്ള യിസ്രായേൽ സാന്നിധ്യത്തെ അദ്ദേഹം അപലപിച്ചു. പാലസ്തീൻ ജനതയുടെ 'അന്തസ്സും, സ്വാതന്ത്ര്യവും പ്രത്യാശയും' യിസ്രായേൽ ഹനിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. യിസ്രായേൽ രാഷ്ട്രത്തെ നശിപ്പിക്കാനുള്ള അവരുടെ ആഗ്രഹത്തെപ്പറ്റി അദ്ദേഹത്തിന് ഒന്നും പറയാനില്ല. റബ്ബി ഗോൾഡ്സ്റ്റീൻ പറഞ്ഞു, 'ഇറാന്റെ പിന്തുണയുള്ള ഇസ്ലാമിക തീവ്രവാദ സംഘടനകളുമായി യിസ്രായേൽ നടത്തുന്ന യുദ്ധത്തിന്റെ മധ്യത്തിൽ യിസ്രായേലിനെ പരസ്യമായി തള്ളിപ്പറയുന്നുതിലൂടെ, വെൽബിയും മറ്റു നേതാക്കന്മാരും യെഹൂദ രാഷ്ട്രത്തിന്റെയും പാശ്ചാത്യ

ജനാധിപത്യ രാജ്യങ്ങളുടെയും ശത്രുക്കളെ പ്രോത്സാഹിപ്പിച്ചിട്ടേയുള്ളൂ.'

സൗദി അറേബ്യയിലെ ഒരു മതപുസ്തകത്തിൽ ഒരു ഭാഗമുണ്ട്: യെഹൂദരുടെ മേൽ മുസ്‌ലീങ്ങളുടെ വിജയം, അതിൽ ഹാദിത്ത് ഉദ്ധരിക്കുന്നു: 'മുസ്‌ലിങ്ങൾ യെഹൂദന്മാരോട് പോരാടി അവരെ കൊല്ലാതെ അന്തിമ നാഴിക വരില്ല. യെഹൂദന്മാർ പാറകളുടെയും വൃക്ഷങ്ങളുടെയും പിന്നിൽ ഒളിക്കും. അപ്പോൾ പാറകളും വൃക്ഷങ്ങളും വിളിച്ചു പറയും: ഓ മുസ്‌ലിമേ, ഓ ദൈവത്തിന്റെ ദാസനെ! എന്റെ പിന്നിൽ ഒരു യെഹൂദൻ ഒളിഞ്ഞിരിപ്പുണ്ട്. വന്ന് അവനെ കൊല്ലുക.' ഈ പ്രസ്താവന വളരെ പ്രസിദ്ധമാണ്. മുസ്‌ലിം തീവ്രവാദികൾ ഇത് വ്യാപകമായി പ്രചരിപ്പിക്കുന്നു. ഹമാസിന്റെ പ്രമാണപത്രം ഇങ്ങനെ പറയുന്നു, 'ഇസ്‌ലാം യിസ്രായേലിനെ പൂർണ്ണമായും തുടച്ചുമാറ്റുന്നത് വരെ മാത്രമേ യിസ്രായേൽ നിലനിൽക്കൂ.' നദി മുതൽ കടൽ വരെ പാലസ്തീൻ സ്വതന്ത്രമാകും' എന്ന് വിളിച്ചുപറയുന്ന പുരോഗമന വാദികളായ ഇടതുപക്ഷ സഖ്യം ഇതിനോട് യോജിക്കുന്നുണ്ടായിരിക്കാം.

ഇടതുപക്ഷക്കാരും ഇസ്ലാമിസ്റ്റുകളും ചേരുന്ന ചുവപ്പ് പച്ച സയോണിസ്റ്റ് വിരുദ്ധ സഖ്യം നാം യൂറോപ്പിലും അമേരിക്കയിലും കാണുന്നു. അവർ യിസ്രായേലിന്റെ നാശം ആഗ്രഹിക്കുന്നു, കേവലം യിസ്രായേലിന്റെ അവസാനമല്ല. ബൈബിൾ അധിഷ്ഠിത ക്രൈസ്തവ വിശ്വാസത്തിന് എതിരെയുള്ള ഏറ്റവും വലിയ ആക്രമണം വരുന്നത് ഇടതുപക്ഷക്കാരിൽ നിന്നും ഇസ്ലാമിസ്റ്റുകളിൽ നിന്നുമാണ്. കർത്താവിനെയും അവന്റെ വചനത്തെയും സ്നേഹിക്കുന്ന ക്രൈസ്തവർ ഈ ആക്രമണത്തിനെതിരെ യിസ്രായേലിനും യെഹൂദ ജനതയ്ക്കും ഒപ്പം നിൽക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

ശേമ്യവിരുദ്ധത ബൈബിളിന്റെ പഠിപ്പിക്കലിന് വിരുദ്ധമാണ്. യിസ്രായേൽ ജനതയോടുള്ള ദൈവത്തിന്റെ സ്നേഹവും, മശിഹായും രക്ഷകനുമായ യേശുവിന്റെ യെഹൂദ താദാത്മ്യവും, യെഹൂദ ജനതയുടെ തുടർച്ചയായുള്ള നിലനിൽപ്പുമായി ബന്ധപ്പെട്ട് ദൈവം അബ്രാഹാമിനോടും മോശെയോടും ചെയ്ത ഉടമ്പടിയുടെ പ്രാധാന്യവും, യേശു മടങ്ങി വന്ന് ലോകത്തെയും പുനഃസ്ഥാപിക്കപ്പെട്ട യിസ്രായേലിനെയും യെരൂശലേമിനെയും വാഴുന്ന മിശിഹൈക രാജ്യവും ബൈബിൾ പഠിപ്പിക്കുന്നു. യേശുവിന്റെ ക്രൂശീകരണത്തിന് യെഹൂദരെ കുറ്റപ്പെടുത്തുന്ന വ്യാജ ക്രിസ്തീയ പഠിപ്പിക്കലിനെ യഥാർത്ഥ പുതിയ നിയമ പഠിപ്പിക്കൽ നിരാകരിക്കുന്നു. യേശു സ്വയ മനസ്സാലെ ലോകത്തിന്റെ പാപത്തിന്റെ മോചനത്തിനായി തന്റെ ജീവൻ അർപ്പിച്ചെന്ന് പുതിയ നിയമം പഠിപ്പിക്കുന്നു. നഷ്ടപ്പെട്ടുപോയ മാനവരാശിയെ വീണ്ടെടുക്കാൻ അവിടുന്നു മരിച്ചത് ദൈവത്തിന്റെ ഹിത പ്രകാരമായിരുന്നു. അതുമൂലം, ദൈവത്തിന്റെ സ്നേഹവും കരുണയും ക്ഷമയും നമുക്ക് അറിയാൻ ഇടവന്നു. ഇതിനെപ്പറ്റി കൂടുതൽ വിവരങ്ങൾക്ക്, 'യെഹൂദരെ നിരവധിപേർ വെറുക്കുന്നു, എന്നാൽ, ദൈവം സ്നേഹിക്കുന്നു,' 'യിസ്രായേലിന് പകരം സഭയോ' തുടങ്ങിയ ലഘുലേഖകൾ ലഭ്യമാണ്..

## കാലാവസ്ഥാ വ്യതിയാന ചോദ്യങ്ങൾ

കോവിഡ് -19 മഹാമാരിയുടെ സമയത്ത് മൊത്തത്തിലുള്ള അടച്ചുപൂട്ടലും നിയമങ്ങളും ആഗോള സമ്പദ് വ്യവസ്ഥയെ സ്തംഭിപ്പിച്ചു. അതിന്റെ ഫലമായി അന്ന് സംഭവിച്ച ആഘാതങ്ങളുടെ സ്വാധീനം ഇന്നും അനുഭവിക്കാൻ ഇടയാകുന്നു. വിതരണ ശൃംഖലകൾക്ക് തടസ്സം നേരിട്ടു, ദശലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടമായി, സാമ്പത്തിക പ്രതിസന്ധിയ്ക്ക്

മുന്നിൽ ലോകം ആടിയുലഞ്ഞു. എന്നിരുന്നാലും, ചില കാലാവസ്ഥാ വ്യതിയാന വക്താക്കൾ ഈ ആഗോള പ്രതിസന്ധിയെ മറ്റൊരു കണ്ണിൽ കൂടെ കണ്ടു. ഈ കാലയളവിൽ അംഗാര നിർഗ്ഗമനത്തിൽ 5.4% കുറവ് രേഖപ്പെടുത്തിയത് കടുത്ത നടപടികൾ എടുക്കുന്നത് നമ്മുടെ ഗ്രഹത്തിന് പ്രയോജനം ചെയ്യുമെന്നതിന്റെ തെളിവായി ഇക്കൂട്ടർ കാണിക്കുന്നു.

മഹാമാരി അടച്ചുപൂട്ടലുകളെ ഭാവിയിലെ 'കാലാവസ്ഥാ അടച്ചുപൂട്ടലിന്റെ' രൂപരേഖയായി ഈ ശബ്ദങ്ങൾ ഉയർത്തിക്കാട്ടി. കാലാവസ്ഥാ അടച്ചുപൂട്ടൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, അംഗാര ബഹിർഗ്ഗമനം കുറയ്ക്കാനും ആഗോള താപനം നേരിടാനും ഉദ്ദേശിച്ചുകൊണ്ട് രൂപപ്പെടുത്തിയ പരിപാടികൾ, സർക്കാർ നടപ്പിലാക്കുന്ന അടച്ചുപൂട്ടലാണ്. ലോക സാമ്പത്തിക സമിതിയുടെ (WEF) പ്രോത്സാഹകനായ മറിയാന മാസുകാറ്റോ പോലുള്ളവർ മുന്നോട്ടു വച്ച ഈ ആശയ പ്രകാരം, ചില കടുത്ത നടപടികൾ, സ്വകാര്യ വാഹന ഉപയോഗ നിരോധനം, മാംസ ഉപയോഗവും ജൈവ ഇന്ധനത്തിന്റെ കുഴിച്ചെടുക്കലും കുറയ്ക്കൽ ഉൾപ്പെടെ നിർദ്ദേശിക്കപ്പെട്ടു. അന്താരാഷ്ട്ര നാണയനിധിയും (IMF), ഐക്യരാഷ്ട്ര സംഘടന പോലുള്ള പ്രബലമായ ആഗോളവാദ സംഘടനകൾ പ്രചരിപ്പിക്കുന്ന വിശാല ലക്ഷ്യങ്ങളുമായി ഈ ആശയങ്ങൾ യോജിച്ചു പോകുന്നു. 2030-തോടെ അംഗാര ബഹിർഗ്ഗമനം പൂർണ്ണമായി തടയാൻ ആവശ്യമായ നിർണ്ണായകമായ നടപടികൾക്ക് വേണ്ടി ഈ സംഘടനകൾ വാദിക്കുന്നു. യാത്രാ നിരോധനം, അംഗുലി പാസ്പോർട്ട് മഹാമാരി സമയത്ത് വികസിപ്പിച്ച നിയന്ത്രണ സംവിധാനങ്ങൾ, കാലാവസ്ഥാ സംബന്ധിയായ നിയമങ്ങൾക്ക് വേണ്ടി അനുയോജ്യമാക്കൽ തുടങ്ങിയ നടപടികൾ അവർ നിർദ്ദേശിക്കുന്നു.

ഷെഫീൽഡ് സർവ്വകലാശാലയിലെ ഡോ. മൈക്കിൾ സിംപ്സന്റെ (ഫിസിക്കൽ അനാലിട്ടിക്കൽ കെമിസ്ട്രിയിൽ പിഎച്ഡി) പുതിയ പഠനം ആഗോള താപന നയങ്ങളുടെ കാതലിനെ തന്നെ വെല്ലുവിളിക്കുന്നു. ആഗോള താപം വർദ്ധിപ്പിക്കുന്നതിൽ $CO_2$ വിന്റെ പങ്ക് സാധാരണ അവകാശപ്പെടുന്നതിൽനിന്ന് വളരെ കുറച്ചു മാത്രമേയുള്ളൂ എന്നും നെറ്റ് സീറോ നയങ്ങൾക്ക് ശാസ്ത്രീയ സാധുതയില്ലെന്നും അവ സാമ്പത്തികമായി നാശം വരുത്തുന്നതുമാണെന്ന് അദ്ദേഹം വാദിക്കുന്നു. ഹരിതഗൃഹ വാതക സിദ്ധാന്തം പഠിപ്പിക്കുന്നത് $CO_2$, താപത്തെ ഭൂമിയുടെ അന്തരീക്ഷത്തിൽ തടഞ്ഞുവച്ച് ചൂട് വർധിപ്പിക്കുന്നുവെന്നാണ്. കൂടുതൽ $CO_2$, ചെറിയ താപവ്യതിയാനം മാത്രമേ ഉണ്ടാക്കുകയുള്ളൂവെന്ന് സിംപ്സന്റെ പഠനം കാണിക്കുന്നു. മിക്കപ്പോഴും, പ്രസിദ്ധീകരിക്കുന്ന ഭയപ്പെടുത്തുന്ന മുന്നറിയിപ്പിന്റെ വളരെ താഴെയാണ് ഇതിന്റെ തോത്. ഭൂമിയുടെ കാലാവസ്ഥ സംവിധാനത്തിന്റെ സ്ഥിരതയും ഈ പഠനം അടിവരയിട്ടുപറയുന്നു. $CO_2$ പോലുള്ള വാതകങ്ങളേക്കാൾ ഉപരി സൗര വികിരണം, സമുദ്ര ജല പ്രവാഹം, അന്തരീക്ഷ മർദ്ദം തുടങ്ങിയ സ്വാഭാവിക വസ്തുതകളാണ് ഭൂമിയുടെ കാലാവസ്ഥ സംവിധാനത്തെ സ്വാധീനിക്കുന്നത്. വർധിച്ചുകൊണ്ടിരിക്കുന്ന $CO_2$ -വിന്റെ അളവ് ചെറിയ രീതിയിലുള്ള താപ പ്രഭാവം മാത്രമേ സൃഷ്ടിക്കുന്നുള്ളൂവെന്ന അനുഭവ സിദ്ധമായ പഠനങ്ങളുമായി സിംപ്സന്റെ കണ്ടെത്തലുകൾ യോജിച്ചുപോകുന്നു.

സർക്കാരുകൾ ലക്ഷം കോടി ഡോളർ കാർബൺ പുറന്തള്ളലിനെ പൂർണ്ണ

മായി ഒഴിവാക്കുന്ന നയങ്ങൾക്കായി വാഗ്ദാനം ചെയ്യുന്നു. യുകെയിൽ മാത്രം, അംഗാരാംശം നീക്കിക്കളയുന്ന പദ്ധതിയുടെ ചെലവ് 1.4 ട്രില്യൻ പൗണ്ടാണ്. അതിന്റെ പ്രയോജനം ശൂന്യമാണുതാനും. ആഗോള കാർബൺ പുറന്തള്ളൽ പൂർണ്ണമായും ഇല്ലാതാക്കിയാൽ പോലും, 2100 ആകുമ്പോൾ താപത്തിന്റെ അളവിന് ചെറിയൊരംശം കുറവ്, 0.28 സെൽഷ്യസ് മാത്രമേ ഉണ്ടാകുവെന്ന് കണക്കുകൾ കാണിക്കുന്നു.

കാലാവസ്ഥാ മാതൃകകളെ ആശ്രയിക്കുന്നതിനെയും വിമർശിക്കുന്നവർ ഉണ്ട്. അവയൊക്കെ വികലമാണെന്നും അശാസ്ത്രീയമാണെന്നും അവർ വാദിക്കുന്നു. ഈ മാതൃകകൾ മിക്കപ്പോഴും ഹരിതഗൃഹ വാതക പ്രഭാവത്തെ അവരുടെ അനുമാനങ്ങളിൽ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് സൃഷ്ടിക്കുന്നു. അത് ഒരു സർക്കുലർ ലോജിക് സൃഷ്ടിക്കുന്നു. അവിടെ കാർബണിന്റെ വർദ്ധനവ് യാന്ത്രികമായി ഉയർന്ന താപം പ്രവചിക്കുന്നു. യഥാർത്ഥ നിരീക്ഷണവുമായി താരതമ്യം ചെയ്യുമ്പോൾ അതുപോലുള്ള മാതൃകകൾ എപ്പോഴും താപം കാണിക്കുന്നു. അവ താപമാനത്തിന് അളവ് അതിശയോക്തിപരമായി കാണിക്കുകയും അനാവശ്യമായ ആപത് സൂചകധ്വനി ഉയർത്തുകയും ചെയ്യുന്നു. https://ccsenet.org/journal/index.php/jsd/article/view/0/50940

അതിനിടയിൽ ശീതകാലം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊടിയ തണുത്ത കാലാവസ്ഥ (കഴിഞ്ഞ വർഷത്തെപ്പോലെ) കൊണ്ടുവരുന്നു. ലോകത്താകമാനമുള്ള കാലാവസ്ഥ നിരീക്ഷകർ ആഗോള താപം തുടർച്ചയായി വർധിക്കുന്നുവെന്ന അനുമാനത്തെ വെല്ലുവിളിക്കുന്നു. വടക്കെ ഗോളാർദ്ധത്തിന്റെ ഭാഗങ്ങൾ, റഷ്യ, വടക്കെ അമേരിക്ക, ചൈന, ഏഷ്യയുടെ ഭാഗങ്ങൾ എന്നിവടങ്ങളിൽ കൊടിയ ശൈത്യവും ആല്പ്സ് പോലുള്ള പർവ്വത നിരകളിൽ ഉയർന്ന മഞ്ഞുവീഴ്ചയും ഉത്തരധ്രുവ, ദക്ഷിണധ്രുവ മേഖലകളിലും ഗ്രീൻലാൻഡ് മഞ്ഞുപാളികളിലും ഉയർന്ന തോതിലുള്ള മഞ്ഞിന്റെ ആവരണവും അവർ രേഖപ്പെടുത്തി. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. https://electroverse.info

സാരാംശത്തിൽ, പരിസ്ഥിതി കാര്യാധീശത്വത്തിന്റെ മറവിൽ സമ്പത്ത് പുനർവിതരണം നടത്താനുള്ള ഒരു സംവിധാനമാണ് കാലാവസ്ഥാ പരിപാടി. അംഗാര രഹിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, വികസ്വര രാജ്യങ്ങളിലേക്ക് വിഭവശേഷിയും സാങ്കേതിക വിദ്യയും വഴിതിരിച്ചുവിടുന്നതിനും ആവശ്യമായ സാമ്പത്തിക ഭാരം വികസിത രാജ്യങ്ങളാണ് വഹിക്കേണ്ടത്. അതിനിടയിൽ, അന്താരാഷ്ട്ര നാണയനിധിപോലുള്ള ആഗോളവാദ സംഘടനകൾ ഈ വലിയ ധനകൈമാറ്റത്തിന് മേൽനോട്ടം വഹിക്കുന്നതിലൂടെ ലാഭം കൊയ്യുന്നു.

ഈ നയങ്ങൾ വ്യക്തി സ്വാതന്ത്ര്യത്തിനുമേലുള്ള കടുത്ത നിയന്ത്രണങ്ങൾക്ക് പാതയൊരുക്കുന്നു. കാലാവസ്ഥാ അടച്ചുപൂട്ടൽ, അംഗാര നികുതി, കാർബൺ നിയന്ത്രണ നയങ്ങൾ എന്നിവയ്ക്കുവേണ്ടി വാദിക്കുന്നതിന്റെ ലക്ഷ്യങ്ങൾ കേവലം പരിസ്ഥിതി പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നത് മാത്രമല്ല, അത് ആഗോള സാമ്പത്തിക, രാഷ്ട്രീയ നയങ്ങൾ വീണ്ടും രൂപപ്പെടുത്തുകയാണ്. കാലാവസ്ഥ ദുരന്തമെന്ന ഉമ്മാക്കി കാട്ടി, അധികാര കേന്ദ്രീകരണത്തിനും, സ്വാതന്ത്ര്യം ഹനിക്കുവാനും, ദശലക്ഷങ്ങളുടെ മേൽ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കാനുമുള്ള ഈ നടപടികളെ ആഗോള മേലാളന്മാർ നീതീകരിക്കുന്നു.*

# അന്തിമ വാക്ക്



***‘നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും.....’*** (2 തെസ്സ. 2:1).

എഡി 51–52 കാലയളവിൽ പൗലൊസ് ഇത് എഴുതിയ സമയത്ത്, ഈ സംഭവങ്ങൾ അവനെ സംബന്ധിച്ച് വിദൂരമായ ഭാവിയിൽ ആയിരുന്നെങ്കിലും, ഇപ്പോൾ 2025–ൽ ജീവിക്കുന്ന നമ്മെ സംബന്ധിച്ച് അത് വിദൂര ഭാവിയിൽ അല്ല നടക്കാൻ പോകുന്നത്. ഒരു വമ്പൻ സംഭവം നടക്കാൻ പോവുകയാണ്, അത് നമുക്ക് പൂർണ്ണമായും മനസ്സിലാക്കാൻ കഴിയില്ല. യേശു മടങ്ങി വരാൻ പോകുകയാണ്. ആദ്യം വന്നതു പോലെ എളിയ അവസ്ഥയിൽ അല്ല അവിടുന്ന് ഇപ്പോൾ വരുന്നത്. ആദ്യത്തെ വരവിൽ യേശുവിന്റെ താദാത്മ്യം മറയ്ക്കപ്പെട്ടിരുന്നു. ആദ്യത്തെ വരവിൽ കഷ്ടം അനുഭവിക്കുന്ന ദാസനായ മശിഹായെപ്പറ്റിയുള്ള പ്രവചനങ്ങൾ താൻ നിവർത്തീകരിച്ചു. ആദ്യത്തെ വരവിൽ കർത്താവ് ലോകത്തിന്റെ പാപത്തിന്റെ പരിഹാരത്തിനായി യാഗമായി മരിച്ച്, അനുതാപത്തിലും യേശുവിലുള്ള വിശ്വാസത്തിലും ദൈവത്തിലേക്ക് തിരിയുന്നവർക്ക് ദൈവ ക്ഷമയും നിത്യജീവനും നൽകാൻ (യെശ. 53) മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. രണ്ടാമത്തെ വരവിൽ, തന്റെ മഹത്ത്വം വെളിപ്പെടുത്തിക്കൊണ്ട് തികച്ചും വ്യത്യസ്തമായിട്ടായിരിക്കും അവിടുന്നു വരിക. അപ്പോൾ തന്റെ ദൈവിക താദാത്മ്യം എല്ലാവരും അറിയുകയും അതോടൊപ്പം ദൈവത്തിന്റെ ശക്തി വെളിപ്പെടുകയും ചെയ്യും. ഭൂമിയിൽ മഹാകഷ്ടത്തിന്റെ ഒരു സമയമുണ്ടാകും, അതിനുശേഷം സൂര്യനും ചന്ദ്രനും ഇരുണ്ട് പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും (ഗംഭീരമായ ശക്തിയേറിയ ഒരു വെളിച്ചം). കർത്താവ് മഹാശക്തിയോടും തേജസ്സോടും പ്രത്യക്ഷനാകും.

***ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും*** (മത്താ. 24:29–30).

അതിന്റെ ഫലമായി, ***ലോകരാജത്വം (ദൈവത്തോട് മത്സരിക്കുന്ന ഇന്നത്തെ ലോക സംവിധാനം) നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും,*** (വെളി. 11 :15. ദാനി. 2:44).

ഇത് തീർച്ചയായും ഒരു പ്രാപഞ്ചിക സംഭവമായിരിക്കും. വർഷങ്ങളായി ഈ വിഷയം പഠിക്കുന്ന നമുക്ക് പോലും ആ സംഭവം എത്ര ഭയങ്കരമാണെന്ന് ഊഹിക്കാൻ പ്രയാസമാണ്. അപ്പോൾ ഭൂമി കുലുങ്ങും. ഇപ്പോഴത്തെ ദുഷിച്ച ലോകക്രമം അവസാനിപ്പിച്ച്, അപ്പോൾ മശിഹാ ദൈവത്തിന്റെ രാജ്യം സ്ഥാപിക്കും. അപ്പോൾ, ***‘ആധിപത്യം അവന്റെ തോളിൽ ഇരിക്കും’ ....‘അവന്റെ ആധിപത്യത്തിന്റെ വർദ്ധനെക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല’*** (യെശ. 9:6–7).

അതിനുശേഷം ജനാധിപത്യവും ഇല്ല, സേച്ഛാധിപത്യം ഇല്ല, ദുഷിച്ച മാനുഷിക ഭരണകൂടങ്ങളും ഇല്ല. യുദ്ധങ്ങളും ക്ഷാമങ്ങളും, മനുഷ്യൻ ഭൂമിയെ തെറ്റായി രീതിയിൽ കൈകാര്യം ചെയ്തതുകൊണ്ടുണ്ടായ പരിസ്ഥിതി മലിനീകരണവും ഇല്ല. ഈ ഗ്രഹത്തിന്റെ കാര്യത്തിൽ 'ഈ ലോകത്തിലെ ദൈവത്തിന്' (സാത്താൻ) ഒരു സ്വാധീനവും ഇല്ല. യേശു ക്രിസ്തു മുഖാന്തരം, പരിശുദ്ധാത്മാവ് വസിക്കുന്ന വിശ്വാസികൾ വഴി ദൈവത്തിന്റെ സ്വാധീനം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. മറ്റുള്ളതെല്ലാം പുറത്തെറിയപ്പെടും; സാത്താന്റെയും പിശാചുക്കളുടെയും സ്വാധീനത്തിലായിരിക്കുന്ന ബാബിലോൻ ലോക സംവിധാനവും, ദുഷ്ട മനുഷ്യരും ദുഷ്ട സർക്കാരും ലോകത്തിലെ വ്യാജമതങ്ങളും അതിൽ ഉൾപ്പെടും.

***അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനം.*** വരുവാനുള്ള ദിവസങ്ങളിൽ മറ്റൊരു വലിയൊരു സംഭവം നടക്കും. പൗലൊസ് തെസ്സലൊനിക്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ അതിനെപ്പറ്റി വിവരണമുണ്ട്.

***കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ*** (1 തെസ്സ. 4:16-18).

ഉത്പ്രാപണം എന്നറിയപ്പെടുന്ന ഈ സംഭവം, ഏഴു വർഷ കാലത്തെ മഹോപദ്രവത്തിന്റെ തുടക്കത്തിലാണോ മധ്യത്തിലാണോ അതോ അവസാനത്തിലാണോ സംഭവിക്കുന്നതെന്ന് വാദിച്ചുകൊണ്ട് ക്രൈസ്തവർ അവരുടെ വളരെയധികം ഊർജ്ജവും സമയവും പാഴാക്കുന്നു. മഹോപദ്രവത്തിന് ശേഷം രണ്ടാമത്തെ വരവ് സംഭവിക്കും. ഉൽപ്രാപണം മഹോപദ്രവത്തിന് മുൻപ് നടക്കുമെന്ന നിർണ്ണയത്തിലേക്ക് എന്റെ പഠനങ്ങൾ എന്നെ നടത്തി. എന്നാൽ, ഈ വിഷയത്തെ പ്പറ്റി നാം ഏത് നിർണ്ണയത്തിൽ വന്നാലും, അത് സംഭവിക്കും. നമുക്ക് ഇപ്പോൾ ചെയ്യാവുന്ന ഏറ്റവും സുപ്രധാനമായ കാര്യം കർത്താവിനെ എതിരേൽക്കാൻ, നമ്മുടെ മരണത്തിന്റെ നിമിഷത്തിലോ അല്ലെങ്കിൽ സഭയുടെ ഉൽപ്രാപണത്തിലോ ഒരുങ്ങുക എന്നതാണ്. അതിനുള്ള മാർഗ്ഗം നമ്മുടെ പാപവും അവിശ്വാസവും ഓർത്ത് അനുതപിക്കുകയും കർത്താവും രക്ഷകനുമായ യേശുവിൽ ആശ്രയിക്കുകയും ചെയ്യുക എന്നതാണ്. പരിശുദ്ധാത്മാവിനെ നമ്മിലേക്ക് അയക്കുന്നതിലൂടെ നമ്മുടെ ജീവിതത്തിലേക്ക് വരാൻ ദൈവത്തോട് നാം അപേക്ഷിക്കുക. രക്ഷയെപ്പറ്റിയും നിത്യജീവനെപ്പറ്റിയുമുള്ള സത്യം അവിടുന്നു നമുക്ക് വെളിപ്പെടുത്തും. കർത്താവ് വന്ന് നമ്മോടോത്ത് വസിക്കും (യോഹ. 14-16).

***യേശു പറഞ്ഞു, 'യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്നവനു ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും"*** (ലൂക്കൊ. 11 :9-10).

***ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും*** (വെളി. 3:20).

ഇപ്പോൾ തന്നെ അങ്ങനെ ചെയ്യുക.*



# ഉപസംഹാരം

**ഞ**ങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

**ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507**

**ഫോൺ: 0479–2412459 / 2412359 / 2414459 / 9447976381**

E-mail : hopemsn@hopemsn.org



സ്വകാര്യ വിതരണത്തിന് മാത്രം.

അന്ത്യനാളുകൾക്കു വെളിച്ചം